# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം/പി6/387/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 29/03/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം/പി6/387/2021 തീയ്യതി: 29/03/2021

## എറണാകുളം ജില്ലയിലെ എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ്.കെ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-02-2021 | 03-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരീഷ് ബാബു.എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ബബിത ബി കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.കവിത എസ് കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.വിജു എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജെസ്സി പീറ്റർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ഇ.കെ.കൃഷ്ണൻകുട്ടി | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശോഭിനി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.ശാന്താറാം | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 01-06-2019 |
| ഡോ.ഉമാനാഥ്പൈ | മെഡിക്കൽ ഓഫീസർ ഹോമിയോ | 02-06-2019 | 31-03-2020 |
| ഡോരാജേഷ്. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.സുധ സുബിനായർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി,തൊട്ടൂര് | 01-04-2019 | 31-03-2020 |
| ഡോ.വിനോദ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ആരക്കുന്നം | 01-04-2019 | 31-03-2020 |
| ശ്രീമതി. നസീന | വി.ഇ.ഒ. വെളിയനാട് | 01-04-2019 | 31-03-2020 |
| ഡോകവിത. | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.സതീഷ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.നൈന തോമസ് | എച്ച്.എം.വെളിയനാട് | 01-04-2019 | 31-03-2020 |
| ശ്രീമതി. ശുഭ നായർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 05-01-2020 |
| ശ്രീമതി.ജീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-01-2020 | 31-03-2020 |
| ശ്രീ.ജെയിംസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. രാജേശ്വരി | വി.ഇ.ഒ എടക്കാട്ടുവയൽ | 01-04-2019 | 16-09-2019 |
| ശ്രീമതി. നസീന | വി.ഇ.ഒ.എടക്കാട്ടുവയൽ | 17-09-2019 | 24-09-2019 |

| | | | |
|---|---|---|---|
| ടി.എ | (ഇൻ ചാർജ്ജ്) | | |
| ശ്രീമതി. സന്ധ്യ സി.ബി | വി.ഇ.ഒ, എടക്കാട്ടുവയൽ | 25-09-2019 | 06-02-2020 |
| ശ്രീമതി. നസീന | വി.ഇ.ഒ, എടക്കാട്ടുവയൽ (ഇൻ ചാർജ്ജ്) | 07-02-2020 | 08-03-2020 |
| ശ്രീ.അരുൺ.എ).എം | വി.ഇ.ഒ, എടക്കാട്ടുവയൽ | 09-03-2020 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hareesh Babu .N (Asst. Audit Officer, On 02-03-2021)<br>Last Updated By: Siji (Computer Assistant, On 22-03-2021) | 1-1 |
| 2 | ബജറ്റ് രേഖകൾ പൂർണ്ണമല്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 02-03-2021)<br>Last Updated By: Siji (Computer Assistant, On 22-03-2021) | 1-1-1 |
| 3 | നികുതി വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്<br>Written By: Hareesh Babu .N (Asst. Audit Officer, On 02-03-2021)<br>Last Updated By: Siji (Computer Assistant, On 22-03-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 22-03-2021) | 1-2 |
| 5 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 1-2-1 |
| 6 | തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ ഉപയോഗിക്കുന്നു.<br>Written By: Viju M S (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 1-2-2 |
| 7 | സാമ്പത്തിക വിശകലനം<br>Written By: C.C Jyothimon (Audit Officer, On 02-03-2021)<br>Last Updated By: Siji (Computer Assistant, On 22-03-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 1-4 |
| 9 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 22-03-2021) | 1-4-1 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Babitha B Kumar (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 22-03-2021) | 1-5 |
| 11 | ക്ഷേമപദ്ധതികൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 22-03-2021) | 1-6 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Hareesh Babu .N (Asst. Audit Officer, On 02-03-2021)<br>Last Updated By: Siji (Computer Assistant, On 22-03-2021) | 1-7 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Hareesh Babu .N (Asst. Audit Officer, On 02-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 1-8 |
| 14 | പദ്ധതി അവലോകനം.<br>Written By: C.C Jyothimon (Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 22-03-2021) | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 1-10 |
| 16 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 1-11 |
| 17 | ഗ്രാമസഭ നിയമപ്രകാരം കൂടുന്നില്ല.<br>Written By: C.C Jyothimon (Audit Officer, On 23-02-2021)<br>Last Updated By: Siji (Computer Assistant, On 22-03-2021) | 1-12 |

| | | |
|---|---|---|
| 18 | വിനിയോഗ വിവരം അറിയിച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 1-13 |
| 19 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാതിരുന്നതിന് നിയമാനുസൃത പിഴ ഈടാക്കിയില്ല.<br>Written By: C.C Jyothimon (Audit Officer, On 02-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 1-14 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 1-15 |
| 21 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 1-16 |
| 22 | മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് വിവരം ലഭ്യമല്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 02-03-2021)<br>Last Updated By: Siji (Computer Assistant, On 22-03-2021) | 1-17 |
| 23 | സാധനങ്ങളും സേവനങ്ങളും വാങ്ങിയത്-പ്രൊക്യുർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചല്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 02-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 1-18 |
| 24 | അഗതി രഹിത കേരള പദ്ധതി - സർക്കാർ നിർദ്ദേശം യഥാകാലം പാലിച്ചില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 1-19 |
| 25 | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി- പെർഫോമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് - പ്രത്യേക അക്കൗണ്ട് ആരംഭിച്ചില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 1-20 |
| 26 | പൊതു ഭരണം<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 1-21 |
| 27 | പൗരാവകാശ രേഖ പുതുക്കിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 1-21-1 |
| 28 | വിവാഹധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ഗ്രാമസഭ അംഗീകാരം ലഭ്യമായിട്ടില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 1-22 |
| 29 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 1-23 |
| 30 | വീട് പുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 1-24 |
| 31 | അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 1-25 |
| 32 | ജി.എസ്.ടി ഈടാക്കിയില്ല.<br>Written By: Viju M S (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 1-26 |
| 33 | എസ്.എസ്.എ വിഹിതം നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-27 |

| | | |
|---|---|---|
| | Written By: Kavitha S Kannan (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | |
| 34 | കുടിവെള്ള വിതരണം-അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 1-28 |
| 35 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Viju M S (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 1-29 |
| 36 | ഡോഗ് ലൈസൻസ് പഞ്ചായത്തിൽ നിന്ന് നല്കുന്നില്ല.<br>Written By: Viju M S (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 1-30 |
| 37 | പദ്ധതി നിർവ്വഹണത്തിൽ അനാവശ്യ കാലതാമസം.<br>Written By: C.C Jyothimon (Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 1-31 |
| 38 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാതിരുന്നതിന് നിയമാനുസൃത പിഴ ഈടാക്കിയില്ല.<br>Written By: C.C Jyothimon (Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 1-31-1 |
| 39 | പട്ടികജാതി വനിതകൾക്ക് ആട് വിതരണം - അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 1-32 |
| **ഭാഗം 2** | | |
| 1 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Viju M S (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 2-1 |
| 2 | ജി.എസ്.ടി ഈടാക്കിയിട്ടില്ല<br>Written By: Viju M S (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 2-2 |
| **ഭാഗം 3** | | |
| 1 | മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് വിവരം ലഭ്യമല്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 02-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 3-1 |
| 2 | പട്ടികജാതി വനിതകൾക്ക് ആട് വിതരണം – ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നല്കി<br>Written By: Babitha B Kumar (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 3-2 |
| 3 | വിവാഹധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ഗ്രാമസഭ അംഗീകാരം ലഭ്യമായിട്ടില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 3-3 |
| 4 | അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 3-4 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| | Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 4-4 |
| 5 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 4-6 |
| 7 | വായ്‌പ തിരിച്ചടവിന്റെ വിവരം.<br>Written By: C.C Jyothimon (Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 23-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 03-03-2021)<br>Last Updated By: Siji (Computer Assistant, On 24-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 14.02.2019ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14,00,509.25 |
| വരവ് | 16,07,01,000.00 |
| ആകെ | 16,21,01,509.25 |
| ചെലവ് | 16,02,79,100.00 |
| നീക്കിയിരിപ്പ് | 18,22,409.25 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 12.02.2019 തീയതിയിൽ തന്നെ ബജററ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് ഫയൽ പരിശോധിച്ചതിൽ പ്രീ ബജറ്റ് മീറ്റിംഗ് 02.02.2019ൽ നടത്തി വിവിധ സ്ഥാപനങ്ങളുടെ വരുമാനവും ചെലവും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ഇത് ഉൾക്കൊണ്ട് ബജറ്റ് തയ്യാറാക്കുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിക്ക് 21.06.2019ൽ മാത്രമാണ് DPC അംഗീകാരം ലഭ്യമായിട്ടുള്ളത്. സ്ഥാപനത്തിന്റെ 2019-20 ലെ പുതുക്കിയ ബജറ്റ് 13.02.2020 ലെ 3(1) തീരുമാന പ്രകാരം അംഗീകരിക്കുകയും, അതു പ്രകാരമുള്ള വരവ് 20,20,65,755.00 രൂപയും, ചെലവ് 20,11,84,100.00 രൂപയുമാണ്.

### 1-1-1 ബജറ്റ് രേഖകൾ പൂർണ്ണമല്ല

തനത് വരുമാനം, റവന്യൂ ചെലവുകൾ എന്നിവ സംബന്ധിച്ച എസ്റ്റിമേറ്റുകൾ എപ്രകാരം തയ്യാറാക്കി എന്നു കാണിക്കുന്ന വർക്കിംഗ് പേപ്പറുകൾ ഫയലിൽ ലഭ്യമല്ല. ഇതു കൊണ്ടുതന്നെ മേല്പറഞ്ഞ കാര്യങ്ങളിൽ എത്രത്തോളം വസ്തുതാപരമാണ് ബജറ്റ് എന്ന് പരിശോധിക്കാനായിട്ടില്ല. എങ്കിലും തനത് വരുമാന സ്രോതസ്സുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ വരുമാനവർദ്ധന സാധ്യത സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ലഭ്യമായ വിലപ്പെട്ട വിവരങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ ഉപയോഗപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമാകുന്നുണ്ട്.

### 1-1-2 നികുതി വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്

ഗ്രാമപഞ്ചായത്തിന്റെ നികുതി വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യഥാർത്ഥത്തിലുള്ളതിന്റേയും വിവരം താഴെ കൊടുക്കുന്നു.

| ഇനം | 2018-19ലെ പുതുക്കിയ ബജറ്റ് | 2019-20 | | |
|---|---|---|---|---|
| | | ബജറ്റ് എസ്റ്റിമേറ്റ് | പുതുക്കിയ എസ്റ്റിമേറ്റ് | യഥാർത്ഥവരുമാനം (ഇൻകം സ്റ്റേറ്റ്മെന്റ് പ്രകാരം) |
| വസ്തുനികുതി | 3500000 | 4200000 | 4200000 | 2845948 |
| തൊഴിൽ നികുതി | 1700000 | 2500000 | 2500000 | 1392750 |
| ആകെ | 5200000 | 6700000 | 6700000 | 4238698 |

നികുതി വരുമാനത്തിന്റെ കാര്യത്തിൽ ബജറ്റ് എസ്റ്റിമേറ്റ് യഥാർത്ഥ വരുമാനവുമായി പൊരുത്തപ്പെടുന്നില്ല. മുൻ വർഷ നികുതിയുടെ നാമമാത്രമായ തുക മാത്രമാണ് തൻ വർഷം വർദ്ധിപ്പിച്ചിട്ടുള്ളത്. രണ്ട് നികുതിയിനത്തിലും വലിയ വരുമാന വർദ്ധനവിനുള്ള സാധ്യത സ്ഥാപനത്തിനുണ്ടായിരിക്കേയാണ് ഇപ്രകാരം മുൻവർഷത്തേതിൽ നിന്നും ചെറിയ വർദ്ധനവ്

വരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത്. നികുതി ഡിമാന്റ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, ബജറ്റ് തയ്യാറാക്കുമ്പോൾ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പരിഗണിക്കേണ്ടതുണ്ട്.

തൊഴിൽ നികുതിയുടെ കാര്യത്തിലും അപാകത സംഭവിച്ചിട്ടുണ്ട്. നിയമങ്ങളാലും ചട്ടങ്ങളാലും നിഷ്കർഷിക്കപ്പെട്ട നികുതി സമാഹരണ രീതി സ്ഥാപനത്തിൽ അവലംബിക്കാത്തതിനാൽ വൻ വരുമാനചോർച്ച തൊഴിൽ നികുതിയിനത്തിലും ഉണ്ടാകുന്നുണ്ടെന്ന് മുൻ വർഷത്തെ റിപ്പോർട്ടിൽ പ്രതിപാദിക്കുകയും, ഇത് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. എന്നാൽ ഈ ഇനത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഓഡിറ്റ് പരാമർങ്ങൾ പരിഗണിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 14.05.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1644037/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 31,72,091/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

3. 2018-19 സാമ്പത്തിക വർഷം ശുചിത്വ മിഷനിൽ നിന്നും ഫ്രീഡം ഫ്രം വേസ്റ്റ് എന്ന പ്രോഗ്രാം നടത്തുന്നതിനായി 25,000/- രൂപ ലഭിച്ചിരുന്നു. എന്നാൽ ഈ തുക നാളിതു വരെയും ചെലവഴിക്കപ്പെടാതെ 320200319 എന്ന ഹെഡിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.23/01.03.21) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. അപാകത പരിഹരിക്കേണ്ടതാണ്.

### 1-2-2 തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ ഉപയോഗിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്എന്ന് നിഷ്ക്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം ദേശസാത്കൃത ബാങ്കായ കനറ ബാങ്കിലും (അക്കൗണ്ട് നം.0703101059499) എടയ്ക്കാട്ടുവയൽ സർവ്വീസ് സഹകരണ ബാങ്കിലും(അക്കൗണ്ട് നം365) എച്ച്.ഡി.എഫ്.സി ബാങ്കിലു(അക്കൗണ്ട് നം3442)മായാണ് നിക്ഷേപിക്കുന്നത്. സർക്കുലറിന് വിരുദ്ധമായി അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 26.02.2021 ൽ നല്കിയ 8ാം നമ്പർ അന്വേഷണക്കുറിപ്പിന് പഞ്ചായത്തിന്റെ ദൈനംദിന പണമിടപാടുകൾ എടയ്ക്കാട്ടുവയൽ സർവ്വീസ് സഹകരണ ബാങ്ക് വഴിയാണ് ആദ്യം നടപ്പിലാക്കിയതെന്നും, പണമിടപാടുകാർക്ക് ചെക്ക് ട്രാൻസാക്ഷൻ, ഓൺ ലൈൻ ട്രാൻസാക്ഷൻ എന്നിവ സജീവമാക്കുന്നതിന് വേണ്ടിയാണ് കാനറ ബാങ്കിലും എച്ച്.ഡി.എഫ്.സി ബാങ്കിലും അക്കൗണ്ട് ആരംഭിച്ചതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. നിലവിൽ സജീവമല്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്ത് ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സഹകരണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ആരംഭിച്ച സർവ്വീസ് സഹകരണ ബാങ്ക് വഴിയുള്ള പണമിടപാടുകൾ സജീവമായി നിലനിർത്തുന്നതിന് പഞ്ചായത്ത് അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15278395.00 |
| | |

| | |
|---|---|
| വരവ് | 68583707.00 |
| ആകെ | 83862102.00 |
| ചെലവ് | 70227744.00 |
| നീക്കിയിരിപ്പ് | 13634358.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി. ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8871371 | 8871371 | 8318515 | 552856 (Lapsed) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 4926294 | 4926294 | 2976663 | 1949631 (Lapsed) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 40000 | 40000 | 39997 | 3 (Lapsed) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 26992000 | 26992000 | 19688789 | 7303211 (Lapsed) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 3251000 | 3251000 | 1709421 | 1541579 (Lapsed) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 7219780 | 7219780 | 2567675 | 4652105 Lapsed |
| NPRPD | 1250000 | 616008 | 1866008 | 1232016 | 633992 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 307100 | 233936 | 541036 | 525230 | 15806 |
| ഐ.സി.ഡി.എസ് | 489543 | 634907 | 1124450 | 600000 | 524450 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ)16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം.തയ്യാറാക്കിയ എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു,

1) വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയുടെ ആകെ വരവ് സുലേഖ സോഫ്റ്റ്‌വെയറിലെ തുകയുമായി പൊരുത്തപ്പെടുന്നെങ്കിലും, വാർഷിക കണക്കിലെ (സാംഖ്യ) തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | സുലേഖയിലെ തുക | വാർഷികകണക്കിലെ തുക |
|---|---|---|
| വികസനഫണ്ട് ജനറൽ | 10647608 | 7744986 |
| വികസനഫണ്ട് എസ്.സി.പി. | 5893100 | 2961957 |

2) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് ജനറൽ, എസ്.സി.പി., ടി.എസ്.പി., ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ(അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി

പൊരുത്തപ്പെടുന്നില്ല.

3) ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീമിന്റെ (കേന്ദ്രാവിഷ്കൃത ഫണ്ട്) വരവായി ഉൾപ്പെടുത്തിയ തുക വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

4) ടോട്ടൽ സാനിട്ടേഷൻ- ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തമില്ല

5) ലൈഫ് മിഷൻ പ്രോഗ്രാമിന്റെ വരവ് തുകയുടെ ആധികാരികത ഉറപ്പുവരുത്താനായില്ല. സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെ ചെലവായി കാണിച്ച തുക പഞ്ചായത്ത് വിഹിതവും, സംസ്ഥാന വിഹിതവും കൂടിയ ചെലവാണ്. പട്ടികജാതി വിഭാഗത്തിന്റെ ലൈഫ് പദ്ധതിയുടെ ചെലവു വിവരം ഇതിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.2.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31987/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41520 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 3621600 | 658 |
| വിധവാപെൻഷൻ | 2874600 | 506 |
| വാർദ്ധക്യകാലപെൻഷൻ | 8922900 | 1633 |
| വികലാംഗപെൻഷൻ | 1102700 | 192 |
| വിവാഹധനസഹായം | 30000 | 1 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 276000 | 51 |

## 1-7 തൊഴിലുറപ്പ് പദ്ധതി

2019-20 സാമ്പത്തിക വർഷം തോടുകളും പറമ്പുകളും വൃത്തിയാക്കൽ, റോഡ് നിർമ്മാണം തുടങ്ങിയ 260 പദ്ധതികൾക്കായി 56790000/- അടങ്കലുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 219പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 54235 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 38 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ആകെ 200 വീടുകളിലായി 200 പേർക്ക് തൊഴിൽകാർഡ് നൽകിയിട്ടുണ്ട്.
2019-20 വർഷത്തെ വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 2575 | 18345445.32 | 18349482.32 | 18337783.32 | 11699 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18341735 | 18341735 | 18341735 | 0 |
| കൂലിയിതരം (മെറ്റീരിയൽ വാങ്ങിയത്) | 0 | 2165759.32 | 2165759.32 | 2165759.32 | 0 |

## 1-8 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചതിന്റെ ഭാഗമായി ഫയലുകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്. ആഭ്യന്തര നിയന്ത്രണത്തിന്റെ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1)ലൈസൻസ്

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നെങ്കിലും 2019-20ലേക്കുള്ള ലൈസൻസ് നൽകിയിട്ടുള്ളത് മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരമല്ല.

2)ഡിമാന്റ് രജിസ്ററുകൾ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ധാരാളം വാണിജ്യ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും തൊഴിൽ നികുതിയിനത്തിലെ വരുമാനത്തിൽ അത് പ്രതിഫലിക്കുന്നില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3)ഡെപ്പോസിറ്റ് തുകകൾ ബാലൻസ് ഷീറ്റിൽ ചേർക്കുന്നില്ല

മുൻകാലങ്ങളിൽ വിവിധ ഏജൻസികൾക്ക് നൽകിയ ഡെപ്പോസിറ്റ് തുകകൾ ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.

4)ഓഫീസ് പ്രവർത്തനാവലോകനം കാര്യക്ഷമമല്ല

സ്റ്റിയറിംഗ് കമ്മറ്റി മീറ്റിംഗ്, ഓഫീസ് മീറ്റിംഗ് എന്നിവ കൃത്യമായ ഇടവേളകളിൽ കൂടി ഓഫീസ് പ്രവർത്തനാവലോകനം നടത്തുന്നില്ല. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ സെക്ഷനിലേയ്ക്ക് നല്കുന്നുണ്ടെങ്കിലും ജീവനക്കാർ പേഴ്സണൽ രജിസ്ററർ എഴുതുന്നില്ല എന്നതിനാൽ ലഭിച്ച തപാലുകൾ തീർപ്പാക്കിയോ എന്നറിയാൻ സാധ്യമല്ല. തപാലുകളുടെ തുടർനടപടികളുടെ കൃത്യതയും, സുതാര്യതയും ഉറപ്പാക്കാൻ സൂചിക എന്ന സോഫ്റ്റ്വെയർ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ സംവിധാനവും ഉപയോഗിക്കുന്നില്ല. ധാരാളം പൊതുജന പരാതികളും, വിവരാവകാശ അപേക്ഷകളും ലഭിക്കുന്ന പഞ്ചായത്തിൽ ജോലി വിഭജനം, ഫയൽ കൈകാര്യം ചെയ്യൽ എന്നിവ കാര്യക്ഷമമാക്കേണ്ടതുണ്ട്. കെട്ടിടനിർമ്മാണം കച്ചവടം തുടങ്ങി വിവിധമേഖലകളിലെ നിയന്ത്രണസംവിധാനമായി പ്രവർത്തിക്കുന്നതിൽ സ്ഥാപനം വീഴ്ചവരുത്തുന്നു(ഓഫീസ് ഓർഡറിന്റെ അഭാവത്തിൽ ഫീൽഡ് പരിശോധന ആർക്കെന്ന് വ്യക്തമല്ല). സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലുള്ളവരുടേതൊഴികെ മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കി ഈടാക്കുന്നത് റിട്ടേൺ വാങ്ങിയല്ല. ഫർണ്ണിച്ചർ ഉൾപ്പടെ ജംഗമ ആസ്തികൾക്ക് കോഡ് നമ്പരുകൾ നൽകുകയോ ഇവ വർഷാന്ത്യത്തിൽ ഫിസിക്കൽ വെരിഫിക്കേഷന് വിധേയമാക്കുകയോ ചെയ്യുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 100% വരുമാന സമാഹരണം പരിഗണനാവിഷയമാക്കുന്നില്ല.
മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

1) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

2) കെട്ടിട നിർമ്മാണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം കൂടി ഫീൽഡ് സ്ററാഫിനെ ഏല്പിച്ചുകൊണ്ട് ഓഫീസ് ഉത്തരവ് പരിഷ്കരിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

3) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

4) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പദ്ധതി മോണിറ്ററിംഗ്

പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ വ്യക്തമായ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നടത്തുന്നില്ല. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിറ്ററിംഗ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. മോണിറ്ററിംഗ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന് ഒരു സ്റ്റേറ്റ്മെന്റിൽ മോണിറ്ററിംഗ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ റിപ്പോർട്ടും, ഇതുമൂലമുണ്ടായ ഫലവും റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-9 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 196 | 32349149 | 65 | 19688789 | 66 | 65 | 33 |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.02.2021 | ഒക്ടോബർ 2020 മുതൽ ഡിസംബർ 2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.05.2015 മുതൽ 18.05.2015 വരെ | 2010- 11 മുതൽ 2014-15 വരെ | 22.09.2015 |

## 1-11 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല.

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല .

2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ കരാറുകാരിൽ നിന്നും റെയിൽവേ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിനെക്കുറിച്ച് പരാമർശിച്ചിരുന്നു (ഖ. 2-1) . ടി പരാമർശം 2016-17 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലും ഉൾപ്പെട്ടിട്ടുണ്ട്. നിലവിലും ഈ പോരായ്മ പരിഹരിക്കപ്പെട്ടിട്ടില്ല. ഖ. 3-3 ൽ പരാമർശിച്ചിരുന്ന വിഷയമായ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയ സേവനങ്ങൾക്ക് സേവനനികുതി നല്കിയത് കാരണം നഷ്ടത്തുക 3901/- രൂപ തിരികെ ഈടാക്കുവാൻ ആവശ്യപ്പെട്ടിരുന്നത് നിലവിലും ഈടാക്കിയിട്ടില്ല.

2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാതിരുന്നത്, സ്ഥാപനത്തിൽ നിന്ന് ആദായനികുതി ഈടാക്കാതിരുന്നത്, KSEB, KWA, IKM, IAY, SSA എന്നിവയിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാതിരുന്നത്, തനത് ഫണ്ടിൽ നിന്നും ശുചിത്വമിഷന് നല്കിയ തുക തിരികെ വാങ്ങാതിരുന്നത്, EMS ഫണ്ട് നീക്കിയിരിപ്പ് സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കാതിരുന്നത് എന്നീ പരാമർശങ്ങൾ നിലവിലും തീർപ്പാക്കപ്പെട്ടിട്ടില്ല.

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നത്, ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്, മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയതിന് ഫൈൻ ഈടാക്കാതിരുന്നത്, മരാമത്ത് പ്രവൃത്തികളുടെ ഫയലിലെ പോരായ്മക, വിവിധ പ്രവൃത്തികളുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കാതിരുന്നത്, സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങളിലെ പോരായ്മകൾ എന്നിവ സംബന്ധിച്ച പരാമർശങ്ങൾ തീർപ്പാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല .

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ മുൻകാല ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തത്, തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കാഞ്ഞത്, കെട്ടിടനിർമ്മാണം ക്രമപ്പെടുത്തുന്നതിന് കുറഞ്ഞ ഫീസ് ഈടാക്കിയത്, ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നല്കിയത്, വഴിവിളക്ക് രജിസ്റ്റർ കൃത്യമായി എഴുതാത്തത്, കാലവർഷക്കെടുതി -കണ്ടിജൻസി ഫണ്ടിൽ നിക്ഷേപിച്ച തുക തിരികെ ലഭ്യമാക്കാത്തത്, ഡെപ്പോസിറ്റ് വർക്കുകൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാതിരുന്നത്, മതിയായ ഭൗതികസൗകര്യങ്ങളൊരുക്കി കെട്ടിടങ്ങൾ ഉപയോഗപ്രദമാക്കാതിരുന്നത് എന്നിവ സംബന്ധിച്ചും ടെണ്ടർ നടപടികളിലെ അപാകതകൾ സംബന്ധിച്ചും നടപടികൾ സ്വീകരിച്ചിട്ടില്ല .

വർഷങ്ങൾ ഇത്ര കഴിഞ്ഞിട്ടും പോരായ്മകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലയെന്നത് ഓഡിറ്റ് റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നില്ല എന്ന് വ്യക്തമാക്കുന്നു. ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ അടിയന്തിരപ്രാധാന്യത്തോടെ ചർച്ച ചെയ്യേണ്ടതും തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ് .

## 1-12 ഗ്രാമസഭ നിയമപ്രകാരം കൂടുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 -(3) ൽ നിർദ്ദേശിച്ചിട്ടുള്ള വിധം മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭ ചേരേണ്ടതാണ്. എന്നാൽ ഗ്രാമസഭാ മിനിട്സ് പരിശോധിച്ചതിൽ പല വാർഡുകളിലും 2019-2020 വർഷം മേൽ നിയമത്തിലെ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. കൂടാതെ തൻവർഷം രണ്ട് തവണ മാത്രമാണ് പല വാർഡുകളിലും ഗ്രാമസഭ ചേർന്നിട്ടുള്ളത്. ഗ്രാമ സഭ കൂടുന്നത് സംബന്ധിച്ച മേൽ നിയമം പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വിനിയോഗ വിവരം അറിയിച്ചിട്ടില്ല

| | |
|---|---|
| വൗച്ചർ നമ്പർ | 56/19-20 |
| ചെലവ് | ചെക്ക് നം/തീയതി-തുക<br>406838/16.08.2019 - 30000/- |

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തന ചെലവുകൾക്കും, ഗ്രാമപഞ്ചായത്തിൽ നിയമിക്കപ്പെടുന്ന അക്കൗണ്ടന്റ്-കം-ഐ.ടി എക്സ്പെർട്ടുമാർക്കുമുള്ള വേതന ചെലവുകൾക്കുമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന് നൽകണമെന്ന് 16.02.2018 ലെ സ.ഉ(സാധാ) നം.475/2018 ത.സ്വ.ഭ.വ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. 21,000/-രൂപ അക്കൗണ്ടന്റ്-കം-ഐ.ടി എക്സ്പെർട്ടുമാർക്കുമുള്ള വേതന ചെലവുകൾക്കും, 9,000/- രൂപ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തന ചെലവുകൾക്കുമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് കമ്മിറ്റിയുടെ 28.03.2018 ലെ 10(1) തീരുമാന പ്രകാരം 30000/-രൂപ പ്രതിവർഷം പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന് നൽകുവാൻ ഭരണ സമിതി അംഗീകാരം നൽകുകയും തുക നൽകുകയും ചെയ്തു. ഈ തുക തൻവർഷം മുഴുവനായി വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഓഡിറ്റിന് മുൻപാകെ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.12/26.02.21)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മേൽ തുക ചെലവഴിച്ചതിന്റെ വിവരം ഹാജരാക്കേണ്ടതാണ്.

## 1-14 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാതിരുന്നതിന് നിയമാനുസൃത പിഴ ഈടാക്കിയില്ല.

പൊതുകുളം /പൊതുകിണർ നവീകരണം - പ്രോജക്ട് നമ്പർ 71/19

വികസന ഫണ്ട് ജനറൽ - 622000/-

കരാറുകാരൻ- റെജി കെ ഡേവിഡ്, എഗ്രിമെന്റ്- 43/AE/18-19 /4.2.2019

എഗ്രീഡ് പി.എ.സി - 620840.00

2019-20ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുകുളം/ പൊതുകിണർ നവീകരണം എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവ പ്രകാരം പൂർത്തീകരണ കാലയളവ് സൈറ്റ് കൈമാറുന്ന തിയതി മുതൽ ഒന്നര മാസമാണ്. എഗ്രിമെന്റ് വെച്ച് സൈറ്റ് കൈമാറിയിട്ടുള്ളത് 4.2.2019 ൽ ആണ്. ഇത് പ്രകാരം പ്രവർത്തി പൂർത്തിയാക്കേണ്ടത് 20.3.2019 ൽ ആണ്. എന്നാൽ അളവ് പുസ്തകം 442/18-19 ലെ രേഖപ്പെടുത്തൽ പ്രകാരം പ്രവർത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 28.10.2019 ൽ ആണ്. 20.10.2020ലെ ബിൽ നമ്പർ 44 പ്രകാരം അവസാന പേയ്മെന്റ് നടത്തിയിട്ടുണ്ട്. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ ഫൈൻ ഈടാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പൂർത്തിയാക്കേണ്ട തിയതി | 20.3.2019 | ഈടാക്കേണ്ട ഫൈൻ | |
|---|---|---|---|
| പൂർത്തിയാക്കിയ തിയതി | 28.10.2019 | 9 ദിവസത്തെ ഗ്രേസ് പിരീഡ് കഴിഞ്ഞ് 29.3.19 | 620840 X1% |

| | | | |
|---|---|---|---|
| | | മുതൽ 28.6.19 വരെ ആദ്യത്തെ മൂന്ന് മാസം 1% നിരക്കിൽ | =6208/- |
| കാലതാമസം-അനുവദനീയമായ ഗ്രേസ് പിരീഡ് 9 ദിവസം കിഴിച്ച് | 7 മാസം | 29.6.19 മുതൽ 28.10.19 വരെ അടുത്ത മൂന്ന് മാസം 2% നിരക്കിൽ | 620840 X2% =12417/- |
| | | 29.9.19 മുതൽ 28.6.19 വരെ അവസാന ഒരു മാസം | 620840x2%X1/3 =4139/- |
| ആകെ | | | 22,764/- |

## 1-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിന് 18.07.2013 ൽ സർക്കാർ ജി.ഒ (എം എസ്) 255 / 2013 ത സ്വ ഭ വ പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 14.07.19 ലെ 14(1) നം. കമ്മിറ്റി തീരുമാനം പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ, പൊതുകുളങ്ങൾ, പൊതുകിണറുകൾ മുതലായവയിൽ പലതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാതെയുണ്ടെന്നും ആസ്തി രജിസ്റ്റർ കാലികമാക്കി കൃത്യമാക്കണമെന്നും സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്. 2018 ഡിസംബറിൽ വികസനസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷയായി ആസ്തി പരിപാലനകമ്മിറ്റി സർക്കാർ നിർദ്ദേശം പ്രകാരം രൂപീകരിച്ചിട്ടുണ്ടെങ്കിലും നടപടികൾ പൂർത്തീകരിച്ച് എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ അടിയന്തിരമായി കാലികമാക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-16 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് | തുക നൽകിയ വിവരം | തുക അടവാക്കിയ സ്ഥാപനം |
|---|---|---|---|
| 1 | വിവിധ അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ (99/20) | ബിൽ നം. 18/19-20/17.12.19 – 19400/- | പി.എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, മൂവാറ്റുപുഴ |
| 2 | പാപ്പർകോട് ഇന്റോർ സ്റ്റേഡിയത്തിലെ കുഴൽകിണറിന് മോട്ടോർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കൽ (254/20) | ബിൽ നം. 48/19-20/11.03.20 – 85715/- | ഭൂജല വകപ്പ്, എറണാകുളം |
| 3 | കെ എസ് ഇ ബി ലൈൻ എക്സ്റ്റൻഷൻ (28/20) | ബിൽ നം. 1)20/19-20/18.01.20 – 230608/-<br>2)21/19-20/18.01.20 – 360480/-<br>3)43/19-20/29.02.20 – 116110/-<br>4)47/19-20/17.03.20 – 31390/- | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് |

മേൽ തുക പ്രസ്തുത ആവശ്യത്തിന് തന്നെ പൂർണ്ണമായും വിനിയോഗിച്ച പൂർത്തീകരിച്ചുവെന്ന സാക്ഷ്യപത്രം ലഭിക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.25/02.03.2021) മുഖേന ആവശ്യപ്പെട്ടതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി ഗ്രാമപഞ്ചായത്ത് വെച്ച കരാർ പ്രകാരം മേൽ മൂന്ന് പ്രവൃത്തികളും 2020 ൽ പൂർത്തിയാക്കേണ്ടതും, പണി പൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോർമൻസ് റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും കെ.എസ്.ഇ.ബി ഗ്രാമ പഞ്ചായത്തിന് നൽകേണ്ടതുമായിരുന്നു.

കരാർ പ്രകാരം ലഭ്യമാവേണ്ട മേൽ പ്രവൃത്തികളുടെ പൂർത്തീകരണ / വിനിയോഗ വിവരം ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

## 1-17 മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് വിവരം ലഭ്യമല്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായി ഗ്രാമപഞ്ചായത്തിലെ 14 വാർഡുകൾക്ക്, വാർഡൊന്നിന് ₹10000/- രൂപവീതം ₹ 140000/- 2019 മെയ്യ്മാസത്തിൽ (ചെക്ക് നമ്പർ 5041337/30.05.2019 പ്രകാരം 100000/-രൂപ മെഡിക്കൽ ഓഫീസർ,തൊട്ടൂരിനും,ചെക്ക് നമ്പർ 5041338/30.05.2019 പ്രകാരം 40000/-രൂപ മെഡിക്കൽ ഓഫീസർ,ആരക്കുന്നത്തിനും നൽകി) വാർഡ് തല സാനിറ്റേഷൻ സമിതികൾക്ക് മെഡിക്കൽ ഓഫീസർ വഴിയായി നൽകിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ,തൊട്ടൂർ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ ആരക്കുന്നം ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. അതായത് വാർഡുകളിൽ ഏത് തരം പ്രവൃത്തിക്കാണ് തുക ചെലവാക്കിയതെന്ന് വ്യക്തമല്ല. പ്രവൃത്തികളുടെ മസ്റ്റർ റോളുകൾ, വാർഡിൽ പ്രവൃത്തികൾ നടത്തിയതിന്റെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ എന്നിവ ഓഡിറ്റിന് ലഭ്യമായിട്ടില്ല. ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.02.2019 ലെ നം.4092/ഡി/ഇ.കെ.എം/എസ്.എം ഉത്തരവ് പ്രകാരം മേൽ തുക 15 ദിവസത്തിനകം ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം കൂടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ ആ വിവരവും, ശുചിത്വമിഷനിൽ നിന്നും ഈ പദ്ധതി നടത്തിപ്പിനായി ലഭ്യമാകേണ്ട മുഴുവൻ വിഹിതവും ലഭ്യമായിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിനെ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/24.02.2021)മറുപടി ലഭിച്ചില്ല. വിശദ വിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-1ൽ ചേർത്തിട്ടുണ്ട്.

## 1-18 സാധനങ്ങളും സേവനങ്ങളും വാങ്ങിയത്-പ്രൊക്യൂർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ വിവിധങ്ങളായ പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി ഓഡിറ്റ് വർഷത്തിൽ വൻതുക ചെലവഴിച്ചിട്ടുണ്ട്. ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| പ്രൊജക്ട് | വാങ്ങിയ ഉപകരണം/ സേവനം, എണ്ണം | ചെലവ് വിവരം | വാങ്ങിയ സ്ഥാപനം | അപാകത |
|---|---|---|---|---|
| പട്ടികജാതി കോളനികളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ, 129/20 | ഇലക്ട്രിക്കൽ ലൈറ്റ്, 150 എണ്ണം, 24 Watt | 1)364246/-, 2/19-20, 07.05.19 2)92920/-/19-20, 25.01.20 | യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കൊല്ലം | 1)ഈ സ്ഥാപനം സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഇൻവോയ്സിൽ നിന്നും ഇവ സ്വന്തമായി നിർമ്മിച്ചതാണോ എന്ന കാര്യം വ്യക്തമാകുന്നില്ല. |
| പട്ടികജാതി കോളനികളിലെ പൊതു ആസ്തികളുടെ വൈദ്യുതീകരണവും വൈദ്യുതികണക്ഷൻ എടുക്കലും, -129/20 | ഇലക്ട്രിക്കൽ ലൈറ്റ് | 2)123607/-/19-20, 17.03.20 | ഒപക്ക് എൻജിനീയറിംഗ് ലിമിറ്റഡ്, തൃപ്പൂണിത്തുറ | " |
| വഴിവിളക്ക് സ്ഥാപിക്കൽ, 225/19 | എൽ ഇ ഡി ലൈറ്റ് (18 Watts) | 449441/-,28/19-20/05.02.20 | ക്രൂസ്, കാസർകോട് | 1)പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ജി-2/44274/15 ഉത്തരവു പ്രകാരം അടാട്ട് മാതൃകയിലുള്ള തെരുവുവിളക്ക് അറ്റകുറ്റ പ്പണിക്ക് തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് പരാതികൾ സ്വീകരിക്കലും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറെ നിശ്ചയിക്കേണ്ട താണ്. പരാതികൾ രജിസ്റ്റർ ചെയ്യേണ്ടതും മെയിന്റനൻസ് ടീമിന് (കരാറുകാരന് ) കൈമാറേണ്ടതുമാണ്. പരാതി |

| | | | | | |
|---|---|---|---|---|---|
| | | | | | പരിഹരിച്ചത് സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട താണ്. അറ്റകുറ്റപ്പണികൾ സംബന്ധിച്ച്<br>കെഎസ്ഇബി അധികൃതരെ അറിയിക്കേണ്ടതും രേഖാമൂലമായി അനുവാദം ലഭ്യമാക്കേണ്ടതുമാണ്. പുതിയ ഉപകരണങ്ങൾ വാങ്ങുന്നത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സർവീസ് ചെയ്യാൻ സാധിക്കാത്ത ഉപകരണങ്ങൾ തിരികെ അൺസർവീസബിൾ സ്റ്റോക്ക് ആയി ഉൾപ്പെടുത്തേണ്ടതും സാമ്പത്തിക വർഷാവസാനം ആയത് ക്രമീകരിക്കേണ്ടതുമാണ്. മേൽ പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ ഈ നിബന്ധനകൾ പാലിച്ചിട്ടില്ല.<br>2)സർക്കാർ ഉത്തരവ്(എം. എസ്.) 1093/2017/ത.സ്വ.ഭ.വ. തീ./05.04.2017 പ്രകാരം ആണ് ക്രൂസിൽ നിന്നും വിളക്കുകൾ വാങ്ങാൻ തീരുമാനിച്ചത്.<br>ഈ ഉത്തരവിൽ KREWSന്റെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് (KGL) പൂർണ്ണമായും സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ ഇൻവോയ്സിൽ നിന്നും ഇവ സ്വന്തമായി നിർമ്മിച്ചതാണോ എന്ന കാര്യം വ്യക്തമാകുന്നില്ല. |

മൂന്ന് പ്രൊജക്റ്റുകൾക്കായി സെക്രട്ടറി നടത്തിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങൽ പരിശോധിച്ചാൽ പ്രൊക്യൂർമെന്റ് മാനുവൽ, ജി.ഒ(പി) 259/2010/LSGD തീയതി 8.11.2010 നമ്പർ പ്രകാരമുള്ള പ്രാദേശിക സർക്കാറുകൾക്കായി പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെയാണെന്ന് വ്യക്തമാകുന്നു. വാങ്ങൽ പ്രക്രിയയിലെ സുതാര്യത, സാധനങ്ങളുടേയും സേവനങ്ങളുടേയും ഗുണനിലവാരം, ഒരുമിച്ച് വാങ്ങുമ്പോഴുള്ള സാമ്പത്തികമെച്ചം തുടങ്ങി വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്ന നിർദ്ദേശങ്ങളാണ് മാന്വലിൽ പ്രതിപാദിക്കുന്നത് . ഇതിന്റെ സംക്ഷിപ്തം താഴെ പറയും പ്രകാരമാണ്.

1. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അവരുടെ പ്രൊജക്റ്റ് നിർവ്വഹണത്തിനും ഓഫീസ് ഉപയോഗത്തിനും ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ പ്രൊക്വർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. (സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പ് തന്നെ നിയമം അനുശാസിക്കുംവിധം വാർഷിക പദ്ധതിക്ക് ഡിപിസി അംഗീകാരം വാങ്ങിയാൽ മാത്രമാണ് ഇത് സാധ്യമാകുക. അല്ലാത്ത പക്ഷം ഡിപിസി അംഗീകാരം ലഭ്യമായ ഉടനെ ആവശ്യം അറിയിക്കേണ്ടതാണ്)

2. പ്രൊക്യൂർമെന്റ് കമ്മിറ്റി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഓഫീസിന്റേയും ആവശ്യങ്ങൾ പരിശോധിച്ച് പൊതുവായ സാധനങ്ങൾ ഗ്രൂപ്പ് ചെയ്ത്, എണ്ണം കണക്കാക്കി, വാങ്ങുന്ന രീതി (നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ) തീരുമാനിക്കേണ്ടതാണ്. തീരുമാനം, അംഗീകരിച്ച പ്രൊജക്റ്റിലെ വാങ്ങൽ രീതിയുമായി പൊരുത്തപ്പെടേണ്ടതോ അല്ലാത്ത പക്ഷം മാന്വലിലെ നിർദ്ദേശങ്ങൾ സാധ്യമാകും വിധം പ്രൊജക്റ്റിൽ ഭേദഗതി വരുത്തുകയോ ചെയ്യേണ്ടതാണ്)

3. പ്രൊക്യൂർമെന്റ് കമ്മിറ്റി നിർദ്ദേശിക്കുന്ന രീതിയിൽ (നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ) സാധനങ്ങൾ വാങ്ങുന്നതിന്, പ്രൊക്യൂർമെന്റ് ടീം സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്ന നടപടി സ്വീകരിക്കേണ്ടതാണ്. ടെണ്ടർ ചെയ്ത് സ്ഥാപനത്തെ തെരഞ്ഞെടുക്കുക, നേരിട്ടുള്ള വാങ്ങലിന്റെ സംഗതിയിൽ സ്ഥാപനവുമായി ബന്ധപ്പെടുക തുടങ്ങിയ നടപടികൾ ഈ ടീം നടത്തുന്നു.

4. പ്രൊക്യൂർമെന്റ് ടീം തെരഞ്ഞെടുത്ത് നല്കുന്ന സ്ഥാപനത്തിൽ നിന്നും കരാർ വച്ച് , ഓർഡർ നല്കി, സാധനങ്ങൾ സ്വീകരിച്ച്, പേമെന്റ് നടത്തി, പ്രൊജക്ട് നിർവ്വഹണം പൂർത്തീകരിക്കുക എന്ന ജോലി നിർവ്വഹണോദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ടതാണ്

5. നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ വാങ്ങുന്ന സംഗതികളിലൊക്കെ മാന്വലിൽ നിർദ്ദേശിച്ച പ്രകാരം രൂപീകരിക്കുന്ന സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളുടെ സാന്നിധ്യം ഉണ്ടാകേണ്ടതും, വാങ്ങൽ പ്രക്രിയ മുഴുവൻ ടീമിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

മേല്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചു വേണം ഉപകരണങ്ങൾ വാങ്ങേണ്ടത്. വിവിധ നിർവ്വഹണോദ്യോഗസ്ഥർ സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതിനോ നേരിട്ട് വാങ്ങുന്ന സംഗതിയിൽ സ്ഥാപനത്തെ സമീപിക്കുന്നതിനോ അനുമതി നല്കുക, ടെണ്ടർ അംഗീകരിക്കുക എന്നീ പ്രക്രിയകൾ പ്രൊക്വർമെന്റ് ചെയ്യുന്നതായാണ് മിനിട്സ് വ്യക്തമാക്കുന്നത്. മാന്വലിന്റെ അന്തസത്തയുമായി നേരിട്ട് ബന്ധമില്ലാത്ത ഈ പ്രവർത്തനം ഒഴിച്ചാൽ വാങ്ങൽ പ്രക്രിയയിൽ സുതാര്യത, സാമ്പത്തികമെച്ചം, ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുന്നതിന് സ്ഥാപനം ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

മാന്വലിലെ നിർദ്ദേശങ്ങളിൽ നിന്നുള്ള വ്യതിചലനം മേല്പറഞ്ഞ വാങ്ങലുകളുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച അപാകതകൾക്കിടയാക്കി. പരമപ്രധാനമായ സുതാര്യതയും, സാമ്പത്തികമെച്ചവും വാങ്ങലുകളിൽ ഉറപ്പുവരുത്താൻ കഴിഞ്ഞില്ല എന്നതു കൂടാതെ വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലും സ്ഥാപനം പരാജയപ്പെട്ടു. താഴെ പറയുന്ന വീഴ്ച ഇക്കാര്യത്തിൽ സംഭവിച്ചു.

മേല്പറഞ്ഞ ഉപകരണങ്ങളൊന്നും തന്നെ, പ്രത്യേകിച്ച് ഇലക്ട്രോണിക് ഉപകരണങ്ങൾ, സാങ്കേതിക ക്ഷമതയുള്ള ഉദ്യോഗസ്ഥരാരും പരിശോധിച്ചിട്ടില്ല.

<u>ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങൽ -സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് പോർട്ടലിലൂടെയല്ല</u>

ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങൽ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രത്യേകം തയ്യാറാക്കിയ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് പോർട്ടലിലൂടെയായിരിക്കണമെന്ന് 18.11.2017ലെ എം.എസ്.നം. 24/2017/ITD നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. വിവിധ സ്ഥാപനങ്ങൾ ഇത്തരം ഉപകരണങ്ങൾ വാങ്ങുമ്പോഴുള്ള ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ കുറക്കുക, ഒന്നിച്ചു വാങ്ങുമ്പോഴുള്ള സാമ്പത്തിക മെച്ചം ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ഉറപ്പാക്കുന്നതിന് സർക്കാർ തന്നെ കെൽട്രോൺ മുഖേന ടെണ്ടർ നടത്തിയാണ് കുറഞ്ഞ വിലയിൽ മേൽ പോർട്ടൽ വഴി ഉപകരണങ്ങൾ ലഭ്യമാക്കുന്നത്. വളരെ ലളിതമായും കുറഞ്ഞ വിലയിലും കമ്പ്യൂട്ടറുകളടക്കമുള്ള ഉപകരണങ്ങൾ പോർട്ടൽ വഴി ലഭ്യമായിരിക്കെ ഇത് പ്രൊക്യൂർമെന്റ് കമ്മിറ്റി ഉപയോഗപ്പെടുത്താത്തത് വിശദീകരിക്കേണ്ടതാണ്.

കൂടാതെ ഇനിമുതൽ ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങലുകൾ പ്രൊക്യൂർമെന്റ് പോർട്ടൽ വഴി മാത്രമായിരിക്കണമെന്നും ഇത് പാലിക്കാതെ ടെണ്ടർ ഉൾപ്പടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് ഉപകരണങ്ങൾ വാങ്ങിയാൽ, വാങ്ങുന്ന ഇനത്തിന് പോർട്ടലിൽ ലഭ്യമായ വിലയിൽ കൂടുതൽ ചെലവുവരികയാണെങ്കിൽ അധിക തുക വാങ്ങുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണെന്ന് ഇതുമായി ബന്ധപ്പെട്ട് 18.3.19ന് ഐ ടി സെൽ- 1/26/2019/ITD നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.24/02.03.21) മുഖേന ആവശ്യപ്പെട്ടതിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശമനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-19 അഗതി രഹിത കേരള പദ്ധതി - സർക്കാർ നിർദ്ദേശം യഥാകാലം പാലിച്ചില്ല</u>

നിലവിലെ ആശ്രയ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളവരും തുടർന്ന് അർഹതയുള്ളവരെയും കണ്ടെത്തി നിലവിലെ ആശ്രയ പദ്ധതിക്ക് പകരം അഗതി രഹിത കേരള പദ്ധതി ( Destitude Free Kerala – DFK) എന്ന ഏകീകൃത പദ്ധതി ആരംഭിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു {സ.ഉ (എം.എസ്) 252/17/തസ്വഭവ , 12/12/17). അഗതിരഹിതകേരള പദ്ധതിക്കായി സി ഡി എസ് ചെയർപേഴ്സൺ - മെമ്പർ സെക്രട്ടറി എന്നിവർ സംയുക്തമായി പുതിയ അക്കൗണ്ട് ആരംഭിക്കണമെന്നും ആശ്രയ പദ്ധതിക്ക് അനുവദിക്കപ്പെട്ടതും വിനിയോഗ ശേഷം അവശേഷിക്കുന്നതുമായ മുഴുവൻ തുകയും പുതുതായി തുടങ്ങിയ അക്കൗണ്ടിൽ മുൻബാക്കി ആയി ചേർക്കേണ്ടതാണെന്നും ആശ്രയ പദ്ധതി അക്കൗണ്ടിൽ അവശേഷിക്കുന്ന ചലഞ്ച് ഫണ്ട്, പലിശ എന്നിവ തദ്ദേശ സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി അക്കൗണ്ട് ക്ലോസ് ചെയ്യാമെന്നും 252/17 നം ഉത്തരവിൽ (ഖണ്ഡിക- 2.4) നിർദ്ദേശിക്കുന്നുണ്ട്. അഗതി രഹിത പദ്ധതി നിർവഹണത്തിന് ചലഞ്ച് ഫണ്ട് ഒന്നാം ഗഡു തുകയായി പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് വരവായ 12,31,858/- രൂപ സിഡി എസ് ചെയർപേഴ്സണിന്റേയും വി.ഇ.ഒ യുടേയും പേരിൽ പുതുതായി ആരംഭിച്ച സംയുക്ത അക്കൗണ്ടിലേക്ക് ( നം- 0703101061807 – Canara Bank) 02/09/19

തീയതിയിൽ വൗച്ചർ നം- 21900440 മുഖേന മാറ്റിയിട്ടുണ്ട്. എന്നാൽ നിലവിലെ ആശ്രയ അക്കൗണ്ട് ( A/C No-0703101056069 Canara Bank) ക്ലോസ് ചെയ്യുകയോ അഗതിരഹിതകേരള പദ്ധതിക്കായുള്ള തുക ക്രെഡിറ്റ് ചെയ്യുന്നതിന് തൊട്ട് മുമ്പ് ആശ്രയ അക്കൗണ്ടിൽ 31.10.2019 ൽ നീക്കിയിരിപ്പായുണ്ടായിരുന്ന 10737.50/-രൂപയിൽ ചലഞ്ച് ഫണ്ട്, പലിശ എന്നീ ഘടകങ്ങൾ വേർതിരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ടി തുക പുതുതായി ആരംഭിച്ച സംയുക്ത അക്കൗണ്ടിലേക്ക് നാളിതുവരെ കൈമാറുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണമാവശ്യപ്പെട്ട് എൻക്വയറി (നം-10/26.2.21) നൽകിയതിന്റെ അടിസ്ഥാനത്തിൽ 02/03/2021 ൽ പഴയ ആശ്രയ അക്കൗണ്ട് ക്ലോസ് ചെയ്യുകയും പലിശയുൾപ്പെടെ അവശേഷിച്ച തുകയായ 11,154.50/- രൂപ (10,737.50+417) പുതിയ അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ഉത്തരവ് പുറപ്പെടുവിച്ച് നാല് വർഷത്തോളം ഈ വിഷയത്തിൽ നടപടിയൊന്നും കൈക്കൊള്ളാതിരുന്നത് അധികൃതരുടെ അനാസ്ഥയെയാണ് വെളിവാക്കുന്നത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഇപ്രകാരമുള്ള കാലവിളംബം ഒഴിവാക്കേണ്ടതും ആവശ്യമായ നടപടി യഥാസമയം തന്നെ കൈക്കൊള്ളുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി- പെർഫോമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് - പ്രത്യേക അക്കൗണ്ട് ആരംഭിച്ചില്ല

കേന്ദ്ര സർക്കാരിന്റെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ പെടുത്തി പെർഫോമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റായി 2019-20 വർഷം 84000/- രൂപ ശുചിത്വമിഷൻ മുഖേന എടയ്ക്കാട്ടുവയൽ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. പഞ്ചായത്തിന്റെ തനത്ഫണ്ടിൽ Sanitation General എന്ന ഹെഡിൽ (നം- 251200901) വരവായി രേഖപ്പെടുത്തിയ ടി തുക പിന്നീട് ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്‌ലെറ്റ് എന്ന പ്രോജക്ട് നിർവഹണത്തിനായി (പ്രോജക്ട് നം-SO165/19) എടയ്ക്കാട്ടുവയൽ സർക്കിൾ വി.ഇ.ഒ യ്ക്ക് തനത് ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്ത് (ചെക്ക് നം- 448130/12.3.20) നൽകുകയുമുണ്ടായി. ജില്ല ശുചിത്വമിഷൻ കോ- ഓർഡിനേറ്ററുടെ 18/01/2019 തീയതിയിലെ -100/SBM(G)/IHHL/18 നമ്പർ നടപടി ക്രമം ഖണ്ഡിക 3 ൽ പഞ്ചായത്ത് ഇതിനായി പ്രത്യേകം അക്കൗണ്ട് ആരംഭിക്കേണ്ടതും അനുവദിക്കുന്ന ഗ്രാന്റ് തുകകൾ പുതിയ അക്കൗണ്ടിലേക്ക് പിൻവലിച്ച് നിക്ഷേപിക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ പ്രത്യേകം ക്യാഷ് ബുക്ക് സൂക്ഷിക്കണമെന്ന നിർദ്ദേശവും ഉണ്ട്. വാർഷിക കണക്കുകൾ പരിശോധിച്ചതിൽ പെർഫോമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റിനായി അക്കൌണ്ട് ആരംഭിച്ചിട്ടില്ലായെന്ന് കണ്ടതിനാൽ ആയത് സൂചിപ്പിച്ചും ഗ്രാന്റിനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭ്യമായ തുകയുടെ വിശദാംശങ്ങളാവശ്യപ്പെട്ടും എൻക്വയറി നൽകിയതിന് (നം- 18/01.03.2021) മറുപടി നൽകിയില്ല. സർക്കാർ നിർദ്ദേശപ്രകാരം പുതിയ അക്കൗണ്ടാരംഭിച്ച് മേൽ കേന്ദ്രാവിഷ്കൃത ഗ്രാന്റിന്റെ വരവ് ചെലവ് കണക്കുകൾ പ്രത്യേകം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-21 പൊതു ഭരണം

ഓഫീസ് മാനേജ്മെന്റ് പ്രവർത്തനങ്ങളെക്കുറിച്ചും, ഓഫീസ് പ്രവർത്തനങ്ങളിൽ കണ്ടെത്തിയ അപാകതകളെക്കുറിച്ചുമുള്ള വിവരം താഴെ ചേർക്കുന്നു.

## 1-21-1 പൗരാവകാശ രേഖ പുതുക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷം പ്രസിദ്ധീകരിച്ച പൗരാവകാശ രേഖ നാളിതു വരെയും പുതുക്കിയിട്ടില്ല. 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് ആറു മാസത്തെ കാലയളവിനുള്ളിൽ പഞ്ചായത്ത് യോഗം ചേർന്ന് പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരമൊരു സേവനം ലഭിക്കുന്നതിന് പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും, പ്രസ്തുത സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി എത്രയായിരിക്കണമെന്നും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. കൂടാതെ പൗരാവകാശ രേഖ ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം പൗരാവകാശ രേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ പുതിയ ഭരണസമിതി സംബന്ധിച്ച വിവരങ്ങൾകൂടി ഉൾപ്പെടുത്തി കാലികമാക്കി പ്രസിദ്ധീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 വിവാഹധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ഗ്രാമസഭ അംഗീകാരം ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | SOO/18/20 |
| | |

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | എസ്.സി.വനിതകൾക്ക് വിവാഹധനസഹായം | |
| അടങ്കൽ | 375000 /- | 370000/- (എസ് സി പി )<br>5000/- (തനത് ഫണ്ട്) |
| ചെലവ് | 300000/- | |
| | 1)150000/-:ബിൽനം,തീയതി-4/19-20, 15/1/20<br>2)75000/-:ബിൽ നം,തീയതി- 6/19-20, 18/1/20<br>3)5000/-:ചെക്ക് നം,തീയതി- 5041846,14/2/20<br>4)70000/-:ബിൽ നം,തീയതി- 8/19-20, 20/1/20 | |

എടയ്ക്കാട്ടുവയൽ വി.ഇ.ഒ നിർവഹണം ചെയ്ത മേൽ പ്രോജക്റ്റിൽ പെടുത്തി തൻ വർഷം ശ്രീദേവി കെ വി ( വാർഡ് -11) , പുഷ്പ രാജൻ ( വാർഡ് -9 ), ശാന്ത മോഹനൻ ( വാർഡ് -12 ), അഞ്ജു മോഹൻ ( വാർഡ് -12 ) എന്നീ 4 ഗുണഭോക്താക്കൾക്ക് 75000/- രൂപ വീതം വിവാഹ ധനസഹായം നൽകിയിരുന്നു. അംഗീകരിക്കപ്പെട്ടതും ഓഡിറ്റിന് ഹാജരാക്കിയതുമായ എസ് സി-വിവാഹ ധനസഹായ ഗുണഭോക്തൃലിസ്റ്റിൽ എട്ട് ഗുണഭോക്താക്കൾ ഉണ്ടായിരുന്നെങ്കിലും ഇവരിൽ ശ്രീദേവി കെ വി എന്ന വ്യക്തിയ്ക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചത്. മറ്റ് ഏഴ് ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിക്കാതിരുന്നതിനാലാണോ അല്ലെങ്കിൽ അവരുടെ അപേക്ഷ നിരസിച്ചതിനാലാണോ അവരെ ആനുകൂല്യത്തിന് പരിഗണിക്കാതിരുന്നതെന്ന് വ്യക്തമല്ല. ഗുണഭോക്തൃലിസ്റ്റിലോ ബന്ധപ്പെട്ട രജിസ്റ്ററിലോ യാതൊരു റിമാർക്സും നിർവഹണോദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ധനസഹായം കൈപ്പറ്റിയ മറ്റ് മൂന്ന് പേർ അംഗീകൃതലിസ്റ്റിൽ ഉണ്ടായിരുന്നവരല്ല . പിന്നീടുള്ള ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങണമെന്ന നിർദ്ദേശത്തോടെ പഞ്ചായത്ത് കമ്മിറ്റി ടി വ്യക്തികളെ ഗുണഭോക്തൃലിസ്റ്റിൽ അധികമായി പെടുത്തുകയാണുണ്ടായത്. (കമ്മിറ്റി തീരുമാനം നം-1(3) തീയതി-29.10.19, കമ്മിറ്റി തീരുമാനം നം-18(1) തീയതി-14.01.20 ).സബ് സിഡി മാർഗരേഖ (സ.ഉ കൈ നം 11/18/തസ്വഭവ, തീയതി-29/01/2018 പ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ മാറ്റമാവശ്യമാണെന്ന് ഭരണസമിതിക്കോ നിർവഹണോദ്യോഗസ്ഥനോ കരുതുന്നുവെങ്കിൽ അനർഹരെ ഒഴിവാക്കുകയോ അർഹരെ കൂട്ടിചേർക്കാവുന്നതുമാണ്. എന്നാൽ അനർഹരെ ഒഴിവാക്കുന്നതിന് ഗ്രാമസഭയുടെ സാധൂകരണം തേടേണ്ടതും അർഹരെ കൂട്ടിചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയുമാവണമെന്ന് ഖണ്ഡിക 11.3.15 ൽ നിഷ്കർഷിക്കുന്നു. ആയതിനാൽ പുഷ്പ രാജൻ, ശാന്ത മോഹനൻ, അഞ്ജു മോഹൻ എന്നീ ഗുണഭോക്താക്കൾക്ക് ഗ്രാമസഭ അംഗീകാരം ലഭ്യമായിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കണമെന്നറിയിച്ച് എൻക്വയറി നൽകിയിരുന്നതിന് (നം-14/27.02.2021) മറുപടി ലഭ്യമായില്ല . പഞ്ചായത്ത് അംഗീകരിച്ച ലിസ്റ്റിന് ഗ്രാമസഭ സാധൂകരണം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമല്ലാത്തതിനാലും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.19/28.2.2021 ) മറുപടി ലഭ്യമാക്കാത്തതിനാലും 3 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | വാർഡ്<br>കെട്ടിട നം | തരം,<br>ലൈസൻസ് നം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| ശ്രീ.ഏലിയാസ്.പി.റ്റി<br>പുലിമലയിൽ<br>തിരുമറയൂർ.പി ഒ | 235<br>VII | സിമന്റ് കട്ട നിർമ്മാണം<br>134/24.05.2019 | 9 |
| ശ്രീ.ബിജു.തോമസ്<br>മടത്തിമാല്യൽ<br>എടയ്ക്കാട്ടുവയൽ | 264A<br>III | സോളിഡ് ബ്രിക്ക്സ് നിർമ്മാണം<br>110/30.03.2019 | 6 |
| ശ്രീ.ജീസൺ ജോസഫ് | 104 | സിമന്റ് കട്ട നിർമ്മാണം | 7 |

| | | | |
|---|---|---|---|
| ജെ. ജെ ഇൻഡസ്ട്രീസ് | 1 | 22/26.02.2019 | |

മേൽ വിവരിച്ച സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്ട് 205 B പ്രകാരം ബഹു. സെക്രട്ടറി നോട്ടീസ് നല്കിയിട്ടുണ്ടോയെന്ന് ആവശ്യപ്പെട്ട് കൊണ്ട് 01.03.2021ൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 21 ന് മറുപടി ലഭ്യമാക്കിയതിൽ തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളുടെ രസീത് ഹാജരാക്കിയതിനാൽ അവയെ പരാമർശത്തിൽ നിന്ന് ഒഴിവാക്കി മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് 205 B പ്രകാരം സെക്രട്ടറി നോട്ടീസ് ഈ സ്ഥാപനമേധാവികൾക്ക് ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുവാൻ നോട്ടീസ് നല്കേണ്ടതും നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-24 വീട് പുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല

വീട് പുനരുദ്ധാരണം എന്ന പദ്ധതിയുടെ ഗുണഭോക്താവായ വി.കെ.മുരളി എന്ന വ്യക്തിക്ക് 10,000 /- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ലാതിരുന്നതിനാൽ പ്രവൃത്തി നടന്നതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിന് അസുഖം കാരണം ടി വ്യക്തിക്ക് 10,000 / -രൂപയുടെ അറ്റകുറ്റപ്പണി മാത്രമേ നടത്താൻ സാധിച്ചിട്ടുള്ളൂ എന്ന് മറുപടി നല്കി. മറുപടിയുടെ കൂടെ ഹാജരാക്കിയ വിശദമായ എസ്റ്റിമേറ്റിൽ ഓട് മാറ്റി ആഞ്ഞിലി റീപ്പറുകൾ സ്ഥാപിച്ചതായി മാത്രം കാണിച്ചിട്ടുണ്ട് (10313/- രൂപയുടെ പ്രവൃത്തി). ടി വ്യക്തിയുടെ ഭവനപുനരുദ്ധാരണപ്രവൃത്തി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് .

## 1-25 അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | എസ് 089 / 19, അങ്കണവാടി ജീവനക്കാർക്ക് ഓണറേറിയം |
| അടങ്കൽ | 6,13,200 /- (വികസന ഫണ്ട്) |
| ചെലവ് | 3,06,600 /- ; ബിൽ നം. 5 / 19-20 ; 19.11.19 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

2018-19 സാമ്പത്തികവർഷം മുതൽ അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലമിനത്തിലെ പ്രാദേശികസർക്കാർ വിഹിതം പ്രൊജക്റ്റ് വച്ച് നൽകുന്നതിനു പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസനഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers & Helpers (NP)" എന്ന കണക്ക് ശീർഷകത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ സർക്കാർ തീരുമാനിക്കുകയും 25.07.18 ലെ സ.ഉ (സാധാ) നം.6345/2018/ധന ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം ചെയ്യുന്നതിന് പണം പിൻവലിച്ചിട്ടുണ്ടെങ്കിലും തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല .രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനു വിധേയമായി ചെലവ് തുക 3,06,600/- രൂപ തടസ്സപ്പെടുത്തുന്നു .

## 1-26 ജി.എസ്.ടി ഈടാക്കിയില്ല.

വൊഡഫോൺ എെഡിയ ലിമിറ്റഡ് എന്ന സ്ഥാപനം ഒപ്റ്റിക്കൽ ഫൈബർ കേബിൾ പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ 07.09.2019 ലെ തീരുമാനം 6(1)പ്രകാരം 4.170 കിലോമീറ്റർ ദൂരം ടാർ റോഡ് മുറിച്ച് കേബിൾ ഇടുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ബ്ലാക്ക് ടോപ്ഡ് സർഫസ് റോഡ് 67 മീറ്ററും, ബേം കട്ടിംങ് 3853 മീറ്ററും കോൺക്രീറ്റ് $50m^2$ മാണ്. ഇതിന് റോഡ് കട്ടിംഗ് ഫീസായി 1768523/- രൂപ ഈടാക്കിയിട്ടുണ്ട് (രസീത് നം 119070500049/ 11.11.2019). ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇട്ട് റോഡ് പൂതുക്കി പണിയുന്നതിന് ബ്ലാക്ക് ടോപ്ഡ് സർഫസ് റോഡുകളിൽ ചതുരശ്ര മീറ്ററിന് 3090.85/- രൂപ, ബേം കട്ടിംങ്ങിന് ചതുരശ്ര മീറ്ററിന് 359.85രൂപ, കോൺക്രീറ്റിന് 5473.44 രൂപ എന്ന നിരക്കിൽ ഈടാക്കിയിട്ടുണ്ട്.

03.07.2019ജി.ഒ (ആർ.റ്റി) നം1366/2019/ത.സ്വ.ഭ.വ പ്രകാരം റോഡ് റീസ്റ്റോറേഷൻ ചാർജ്ജിന് ജി.എസ്.ടി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ മേൽ സ്ഥാപനത്തിന് ഒപ്റ്റിക്കൽ ഫൈബർ കേബിൾ പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കുന്നതിന് അനുമതി നല്കിയപ്പോൾ ഈടാക്കേണ്ടിയിരുന്ന 12% ജി.എസ്.ടി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| യഥാർത്ഥ അളവും നിരക്കും | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കേണ്ട ജി.എസ്.ടി (12%) |
|---|---|---|
| $3853m^2$ X 359.85/ $M^2$ | 554600.00 (ബേം കട്ടിംങ്) | 66,552 |
| $67m^2$ X 3090.57 $M^2$ | 207068.20 (ചിപ്പിംങ് കാർപ്പെറ്റ്) | 24,849 |
| $200m^2$ X3665.91/ $M^2$ | 733182.00 (തിക്ക് ടൈൽ സർഫസ് ) | 87,982 |
| $50m^2$ X 5473.44/ $M^2$ | 273672.00 (കോൺക്രീറ്റ്) | 32,841 |
| ആകെ | 1768523.00 | 2,12,224 |

പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 01.03.2021ൽ നല്കിയ 20 ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി. ഒഴിവാക്കിക്കൊണ്ടുള്ള 30.3.2019 ലെ സി.ഇ/ആർ എൽ പി/ജി.എൽ- സി.പി/2/2019 ഉത്തരവാണ് ലഭ്യമാക്കിയത്. എന്നാൽ ഇതിനുശേഷം 03.07.2019ജി.ഒ (ആർ.റ്റി) നം1366/2019/ത.സ്വ.ഭ.വ പ്രകാരം റോഡ് റീസ്റ്റോറേഷൻ ചാർജ്ജിന് ജി.എസ്.ടി 12% ആയി നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ റോഡ് റീസ്റ്റൊറേഷൻ ജി.എസ്.ടി ഈടാക്കേണ്ടതും സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്.

## 1-27 എസ്.എസ്.എ വിഹിതം നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം | SOO/12/20 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം നൽകൽ |
| അടങ്കൽ | 200000/- |
| ചെലവ് | 200000/- ബിൽ നം- 2/19-20 തീയതി- 14/1/20 |

വെളിയനാട് ഗവ.യു.പി സ്കൂൾ ഹെഡ്മിസ്ട്രസ് നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ എസ്.എസ്.എ വിഹിതമായി നൽകിയിട്ടുണ്ട്. എന്നാൽ ചെലവഴിച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല (എൻക്വയറി നം- 19/1.3.21) . SSK (സമഗ്ര ശിക്ഷ കേരളം) ജില്ല പ്രോജക്ട് ഓഫീസറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതിന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്

## 1-28 കുടിവെള്ള വിതരണം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 157/20 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 300000/- (തനതു ഫണ്ട്) |
| ചെലവ് | ചെക്ക് നം/തീയതി – തുക<br>1) 406816/19.07.2019-114130<br>2) 406872/04.10.2019-183725<br>3) 2190073/27.11.2019-26997 |

രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തിൽ 2019-20 ൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (ഒരു ലോഡിന് 1010/-രൂപ) രേഖപ്പെടുത്തിയ ശ്രീ പാപ്പ.എം.കെ, മലേപ്പിള്ളിൽ, ചെത്തിക്കോട് എന്ന കരാറുകാരന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റിയുടെ 16.07.2019 തീയതിയിലെ 1(7)-ാം നമ്പർ തീരുമാനമനുസരിച്ച് അംഗീകരിച്ച് നൽകിയിട്ടുണ്ട്. ആയതു പ്രകാരം കരാറുകാരൻ കുടിവെള്ളം വിവിധ വാർഡുകളിൽ വിതരണം ചെയ്യുന്നതിന്റെ ട്രിപ്പ് ഷീറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ബിൽ തുക നൽകുകയാണ് ചെയ്യുന്നത്. ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ ഉപയോഗിക്കുന്ന വാഹനത്തിന്റെ രേഖകൾ ഫയലിൽ ചേർത്തിട്ടില്ല എന്ന് കാണുന്നു.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.11/26.02.21) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചില്ല. ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-29 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 2019-20 കാലയളവിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ

താഴെ ചേർക്കുന്ന ചില സ്ഥാപനങ്ങളിൽ നിന്ന് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തുക/ഒന്നാം അർദ്ധവർഷം | തുക/രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1 | തിരുമറയൂർ ആപ്കോസ് | രണ്ട് അർദ്ധവർഷവും അടച്ചിട്ടില്ല. | |
| 2 | സെന്റ് മൈക്കിൾസ് പബ്ലിക്ക് സ്കൂൾ, എടയ്ക്കാട്ടുവയൽ | | രണ്ടാം അർദ്ധ വർഷം അടച്ചിട്ടില്ല |
| 3 | വിന്നേഴ്സ് നാപ്കിൻ യൂണിറ്റ് എടയ്ക്കാട്ടുവയൽ | | രണ്ടാം അർദ്ധ വർഷം അടച്ചിട്ടില്ല |
| 4 | മാവേലി സ്റ്റോർ, ചെത്തിക്കാട്ട് | രണ്ട് അർദ്ധവർഷവും അടച്ചിട്ടില്ല. | |

മേൽ വിവരിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 01.03.2021 ൽ നല്കിയ 22ാം നമ്പ്ര അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അടിയന്തരമായി നോട്ടീസ് നല്കി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രസീത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-30 ഡോഗ് ലൈസൻസ് പഞ്ചായത്തിൽ നിന്ന് നല്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ വെറ്റിറനറി സർജന്റെ കീഴിൽ 10.12.2019 മുതൽ 18.12.2019 വരെ വികസന ഫണ്ടിൽ നിന്ന് 25000/- രൂപ ചെലവഴിച്ച് (ബില്ല് നം. 07/2019-20 തീയതി 24.02.2020) വളർത്തു നായകൾക്ക് പേ വിഷബാധയ്ക്കെതിരെ കുത്തിവെയ്പ്പ് എടുത്തിട്ടുള്ളതാണ്. വെറ്റിനറി സർജൻ ഹാജരാക്കിയ രജിസ്റ്റർ പ്രകാരം മേൽ പരാമർശിത തീയതികളിൽ 371 നായകൾക്കാണ് വിഷബാധയ്ക്കെതിരെ കുത്തിവെയ്പ്പ് നല്കിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ ഡോഗ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കേവലം 47 വളർത്തു നായകൾക്ക് മാത്രമാണ് ലൈസൻസ് നല്കിയിട്ടുള്ളത്. ഫീസിനത്തിൽ ഒരു വളർത്തു നായയ്ക്ക് 10/- രൂപ നിരക്കിൽ 470/-രൂപ മാത്രമാണ് 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. വാക്സിനേഷൻ നല്കിയ കണക്ക് പ്രകാരം 3710/- രൂപ ലൈസൻസ് ഫീയായി പഞ്ചായത്തിന് ലഭിക്കേണ്ടതായിരുന്നു. 1998 ലെ പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരം ലൈസൻസ് നല്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ഹാജരാക്കുവാനും ലൈസൻസ് എടുക്കാത്ത നായകളുടെ ഉടമകൾക്കെതിരേ 1998 ലെ പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുവാനും അവശ്യപ്പെട്ട് കൊണ്ട് 27.02.2021ൽ നല്കിയ 16ാം നമ്പ്ര ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വെറ്റിനറി സർജന്റെ നേതൃത്വത്തിൽ വളർത്തു നായകൾക്ക് പേ വിഷബാധയ്ക്കെതിരെ കുത്തിവെയ്പ്പ് എടുക്കുന്ന അവസരത്തിൽ തന്നെ നായകളുടെ ഉടമകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 പദ്ധതി നിർവ്വഹണത്തിൽ അനാവശ്യ കാലതാമസം.

പഞ്ചായത്ത് എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം, പ്രോജക്റ്റ് നമ്പർ - 162/18

അടങ്കൽ - 2017-18 – 600000 (സി.എഫ്.സി)

18-19 – 2300000 (സി.എഫ്.സി) ആകെ 2900000/-

കരാറുകാരൻ-- ശ്രീ.കെ.എൻ ശശീന്ദ്രൻ

2019-20 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം, എന്ന 162/18 നമ്പർ പദ്ധതി 2017-18 ൽ തുടങ്ങി സ്പിൽ ഓവറായി 18-19 നടപ്പിലാക്കിയതാണ്. എഗ്രിമെന്റ് നമ്പർ 41/17-18/12.1.2018 പ്രകാരം 9 മാസം കാലാവധി നിശ്ചയിച്ചിട്ടുള്ള ഈ പദ്ധതിക്കായി 12.1.2018ൽ സൈറ്റ് കൈമാറിയിട്ടുള്ളതാണ്. എന്നാൽ സ്കൂൾ കോമ്പൗണ്ടിനുള്ളിൽ കെട്ടിടം നിർമ്മിക്കേണ്ട സ്ഥലം കൃത്യമായി നിശ്ചയിച്ച് നൽകിയിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ലെന്നും ആയത് നിർണ്ണയിച്ച് നൽകണമെന്നും കരാറുകാരൻ ശ്രീ.കെ.എൻ ശശീന്ദ്രൻ 22.1.2018 ൽ ആവശ്യപ്പെട്ടിട്ടുള്ളതായി ഫയലിൽ കാണുന്നു. അതുപോലെ പ്രസ്തുത സ്ഥലം നിശ്ചയിച്ച് നൽകുവാൻ അസിസ്റ്റന്റ് എഞ്ചിനീയർ 19.2.2018 ൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുള്ളതായും കാണുന്നു. തുടർന്ന് 24.10.2018 ലും മേൽ കാര്യം നിർണ്ണയിച്ച് നൽകാത്തതിനാൽ സെക്യൂരിറ്റി തുക തിരികെ നൽകി തന്നെ കരാറിൽ നിന്നും ഒഴിവാക്കണമെന്ന് കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. ആയതിന് ശേഷം 9.11.2018ൽ വീണ്ടും

പ്രവർത്തി ആരംഭിക്കുന്നതിനായി സൈറ്റ് കൈമാറിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി നടത്തിപ്പിൽ അനാവശ്യ കാലതാമസം വരുത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-31-1 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാതിരുന്നതിന് നിയമാനുസൃത പിഴ ഈടാക്കിയില്ല.

പഞ്ചായത്ത് എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം, പ്രോജക്റ്റ് നമ്പർ - 162/18

എഗ്രീഡ് പി.എ.സി - 2701450/- അളവ് പുസ്തകം 170/18-19, 244/19-20

എഗ്രിമെന്റ് പ്രകാരം പ്രവർത്തി പൂർത്തിയാക്കേണ്ട തിയതി- 9.8.2019

അളവ് പുസ്തകം 244/19-20 ലെ രേഖപ്പെടുത്തൽ പ്രകാരം പ്രവർത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 24.1.2020 ൽ ആണ്. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീക രിക്കാതിരുന്നതിന് നിയമാനുസൃതമുള്ള ഫൈൻ ഈടാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

കെട്ടിട നിർമ്മാണം പ്രവർത്തിനടത്തേണ്ട സ്ഥലം നിർണ്ണയിച്ച് സൈറ്റ് രണ്ടാമത് തവണ കൈമാറിയ തിയതിയായ 9.11.2018 മുതൽ പ്രവർത്തിയുടെ പൂർത്തീകരണ കാലയളവ് കണക്കാക്കിയാൽ പ്രവർത്തി പൂർത്തിയാക്കേണ്ട തിയതി - 9.8.2019

പ്രവർത്തി പൂർത്തിയാക്കിയ തിയതി - 24.1.2020, പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുവാൻ കരാറുകാരൻ അപേക്ഷിക്കുകയോ അപ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്യിട്ടില്ലാത്തതിനാൽ ആകെ കാല താമസം-165 ദിവസം, അനുവദനീയമായ ഗ്രേസ് പിരീഡ് 20% (54ദിവസം ) കുറവ് ചെയ്തശേഷം കാലതാമസം വരുത്തിയ 111 ദിവസത്തിൽ ആദ്യത്തെ മൂന്ന് മാസത്തേക്ക് 2701450x1% = 27,014/- രൂപയും തുടർന്നുള്ള 21 ദിവസത്തിന് 2701450x2x21/90x100 =12,604/-രൂപയും ഉൾപ്പെടെ ആകെ 39,618/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-32 പട്ടികജാതി വനിതകൾക്ക് ആട് വിതരണം - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റിന്റെ നം., പേര് | എസ് 0133 /19 , പട്ടികജാതി വനിതകൾക്ക് ആട് വിതരണം |
| അടങ്കൽ | 4,87,500 /-(എസ് സി പി ഫണ്ട് ) ; 1,50,000 /- (മറ്റുള്ളവ) |
| ചെലവ് | 37500 /- (എസ് സി പി ഫണ്ട് ) ; 20000 - (മറ്റുള്ളവ) 20,000 /- രൂപ ബിൽ നം. 2 / 19-20 ; 01.05.19 ;37500 /- &<br>ബിൽ നം. 2 / 20-21 ; 24.04.20 ; 60,000 /- രൂപ |
| നിർവഹണഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

2018-19 സാമ്പത്തികവർഷത്തിൽ ആരംഭിച്ച പട്ടികജാതി വനിതകൾക്ക് ആട് വിതരണം എന്ന പ്രൊജക്റ്റ് സ്പിൽ ഓവറായി 2019-20 ൽ നടപ്പാക്കുകയുണ്ടായി. ടി പ്രൊജക്റ്റ് പ്രകാരം ഒരു ഗുണഭോക്താവിന് 2500 /- രൂപ ഗുണഭോക്തൃവിഹിതവും 7500 /- രൂപ സബ്സിഡിയും എന്ന തോതിൽ 10,000 /- രൂപയ്ക്ക് രണ്ട് ആടുകളെ ലഭിക്കുകയും ചെയ്യുന്നു . 85 പേർ ഉൾപ്പെട്ടിട്ടുള്ള അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഗുണഭോക്താക്കൾ അവശേഷിക്കെ ലിസ്റ്റിൽ ഉൾപ്പെടാത്ത 7 പേർക്ക് ആനുകൂല്യം നല്കിയതായി 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ട് . ഇതിൽ സിന്ധുമോൾ.കെ.ടി എന്ന ഗുണഭോക്താവ് ഒഴികെയുള്ളവരെ ഉൾപ്പെടുത്തിയ അധികഗുണഭോക്തൃലിസ്റ്റ് 2019-20 ൽ ഉപയോഗിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി അനുമതി നല്കിയിട്ടുണ്ട് . 2019-20 വർഷം ആനുകൂല്യം നല്കിയവരിൽ ഗുണഭോക്തൃലിസ്റ്റിലില്ലാത്ത താര കുഞ്ഞൻ എന്ന വ്യക്തിയും ഉൾപ്പെടുന്നു .2018-19 ,2019-20 , 2020 -21 എന്നീ വർഷങ്ങളിലായാണ് എസ് സി പി ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നത്.പദ്ധതിയുടെ വർഷം തിരിച്ചുള്ള ചെലവ് താഴെ പറയുന്നു.

| വർഷം | എസ് സി പി ഫണ്ട് | ഗുണഭോക്തൃവിഹിതം |
|---|---|---|
| 2018-19 | 2,62,500 /- | 1,00,000 /- |
| 2019-20 | 37,500 /- | 20,000 /- |
| 2020-21 | 60,000 /- | |
| ആകെ | 3,60,000 /- | 1,20,000 /- |

ഗുണഭോക്തൃലിസ്റ്റിലില്ലാത്ത 7 പേർക്ക് ആനുകൂല്യം നല്കിയതുകാരണം അവർക്കുള്ള സബ്സിഡിയിനത്തിൽ എസ് സി പി ഫണ്ടിൽ നിന്നും ചെലവഴിച്ച 52,500 /- രൂപ തിരികെ ഈടാക്കുന്നതിന് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു . 2019-20 വർഷത്തിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതിരുന്ന വ്യക്തിക്ക് ധനസഹായമിനത്തിൽ അനുവദിച്ച 7500 /-രൂപ തിരികെ ഈടാക്കി എസ് സി പി ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

## ഭാഗം -2

### 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 2019-20 കാലയളവിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന ചില സ്ഥാപനങ്ങളിൽ നിന്ന് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തുക/ഒന്നാം അർദ്ധവർഷം | തുക/രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1 | തിരുമറയൂർ ആപ്കോസ് | രണ്ട് അർദ്ധവർഷവും അടച്ചിട്ടില്ല. | |
| 2 | സെന്റ് മൈക്കിൾസ് പബ്ലിക്ക് സ്കൂൾ, എടയ്ക്കാട്ടുവയൽ | | രണ്ടാം അർദ്ധ വർഷം അടച്ചിട്ടില്ല |
| 3 | വിന്നേഴ്സ് നാപ്കിൻ യൂണിറ്റ് എടയ്ക്കാട്ടുവയൽ | | രണ്ടാം അർദ്ധ വര്ഷം അടച്ചിട്ടില്ല |
| 4 | മാവേലി സ്റ്റോർ, ചെത്തിക്കാട്ട് | രണ്ട് അർദ്ധവർഷവും അടച്ചിട്ടില്ല. | |

മേൽ വിവരിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 01.03.2021 ൽ നല്കിയ 22ാം നമ്പ്ര അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

.

### 2-2 ജി.എസ്.ടി ഈടാക്കിയിട്ടില്ല

വൊഡഫോൺ ഐഡിയ ലിമിറ്റഡ് എന്ന സ്ഥാപനം ഒപ്റ്റിക്കൽ ഫൈബർ കേബിൾ പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ 07.09.2019 ലെ തീരുമാനം 6(1)പ്രകാരം 4.170 കിലോമീറ്റർ ദൂരം ടാർ റോഡ് മുറിച്ച് കേബിൾ ഇടുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ബ്ലാക്ക് ടോപ്ഡ് സർഫസ് റോഡ്ു 67 മീറ്ററും, ബോം കട്ടിംങ് 3853 മീറ്ററും കോൺക്രീറ്റ് 50m$^2$മാണ്. ഇതിന് റോഡ് കട്ടിംഗ് ഫീസായി 1768523/- രൂപ ഈടാക്കിയിട്ടുണ്ട് (രസീത് നം 119070500049/ 11.11.2019). ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇട്ട് റോഡ് പുതുക്കി പണിയുന്നതിന് ബ്ലാക്ക് ടോപ്ഡ് സർഫസ് റോഡുകളിൽ ചതുരശ്ര മീറ്ററിന് 3090.85/- രൂപ, ബോം കട്ടിംങ്ങിന് ചതുരശ്ര മീറ്ററിന് 359.85രൂപ, കോൺക്രീറ്റിന് 5473.44 രൂപ എന്ന നിരക്കിൽ ഈടാക്കിയിട്ടുണ്ട്.

03.07.2019ജി.ഒ (ആർ.റ്റി) നം1366/2019/ത.സ്വ.ഭ.വ പ്രകാരം റോഡ് റീസ്റ്റോറേഷൻ ചാർജ്ജിന് ജി.എസ്.ടി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ മേൽ സ്ഥാപനത്തിന് ഒപ്റ്റിക്കൽ ഫൈബർ കേബിൾ പഞ്ചായത്ത്

പരിധിയിൽ സ്ഥാപിക്കുന്നതിന് അനുമതി നല്കിയപ്പോൾ ഈടാക്കേണ്ടിയിരുന്ന 12% ജി.എസ്.ടി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| യഥാർത്ഥ അളവും നിരക്കും | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കേണ്ട ജി.എസ്.ടി (12%) |
|---|---|---|
| $3853m^2$ X 359.85/ $M^2$ | 554600.00 (ബേം കട്ടിംങ്) | 66,552 |
| $67m^2$x 3090.57 $M^2$ | 207068.20 (ചിപ്പിംങ് കാർപ്പെറ്റ്) | 24,849 |
| ൨200$m^2$x3665.91/ $M^2$ | 733182.00 (തിക്ക് ടൈൽ സർഫസ്) | 87,982 |
| $50m^2$x 5473.44/ $M^2$ | 273672.00 (കോൺക്രീറ്റ്) | 32,841 |
| ആകെ | 1768523.00 | 2,12,224 |

പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 01.03.2021ൽ നല്കിയ 20 ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് കാലഹരണപ്പെട്ടതാണ്. കൂടാതെ ജി.എസ്.ടി ഇനത്തിൽ ഈടാക്കേണ്ട തുക പ്രത്യേകം ഈടാക്കേണ്ടതും പ്രത്യേകം ഹെഡിൽ അടവാക്കേണ്ട തുകയുമാണ്. ആയത് പ്രത്യേകമായി ഈടാക്കി നികുതി ഹെഡിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

### 3-1 മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് വിവരം ലഭ്യമല്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായി ഗ്രാമപഞ്ചായത്തിലെ 14 വാർഡുകൾക്ക്, വാർഡൊന്നിന് ₹10000/- രൂപ വീതം ₹ 140000/- 2019 മെയ് മാസത്തിൽ (ചെക്ക് നമ്പർ 5041337/30.05.2019 പ്രകാരം 100000/-രൂപ മെഡിക്കൽ ഓഫീസർ, തൊട്ടൂരിനും ചെക്ക് നമ്പർ 5041338/30.05.2019 പ്രകാരം 40000/-രൂപ മെഡിക്കൽ ഓഫീസർ, ആരക്കുന്നത്തിനും നൽകി) വാർഡ് തല സാനിറ്റേഷൻ സമിതികൾക്ക് മെഡിക്കൽ ഓഫീസർ വഴിയായി നൽകിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ, തൊട്ടൂർ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ ആരക്കുന്നം ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. അതായത് വാർഡുകളിൽ ഏത് തരം പ്രവൃത്തിക്കാണ് തുക ചെലവാക്കിയതെന്ന് വ്യക്തമല്ല. പ്രവൃത്തികളുടെ മസ്റ്റർ റോളുകൾ, വാർഡിൽ പ്രവൃത്തികൾ നടത്തിയതിന്റെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ എന്നിവ ഓഡിറ്റിന് ലഭ്യമായിട്ടില്ല. ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.02.2019 ലെ നം.4092/ഡി/ഇ.കെ.എം/എസ്.എം ഉത്തരവ് പ്രകാരം മേൽ തുക 15 ദിവസത്തിനകം ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം കൂടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ ആ വിവരവും, ശുചിത്വമിഷനിൽ നിന്നും ഈ പദ്ധതി നടത്തിപ്പിനായി ലഭ്യമാകേണ്ട മുഴുവൻ വിഹിതവും ലഭ്യമായിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിനെ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/24.02.2021)മറുപടിയ്ക്ക് പി എച്ച് സി, തൊട്ടൂരിലെ മെഡിക്കൽ ഓഫീസർ മാത്രമാണ് വിശദീകരണം നൽകിയതും രേഖകൾ ഹാജരാക്കിയതും. എന്നാൽ ആരക്കുന്നം പി എച്ച് സിയിലെ മെഡിക്കൽ ഓഫീസർ മറുപടി നൽകിയില്ല.

തുക ചെലവഴിച്ചതിന്റെ മുഴുവൻ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കുന്നതു വരെ 40000/-രൂപയുടെ ചെലവ് തടസ്സത്തിൽവെയ്ക്കുന്നു.

### 3-2 പട്ടികജാതി വനിതകൾക്ക് ആട് വിതരണം – ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നല്കി

| | |
|---|---|
| പ്രൊജക്റ്റിന്റെ നം.,പേര് | എസ് 0133 /19, പട്ടികജാതി വനിതകൾക്ക് ആട് വിതരണം |
| അടങ്കൽ | 4,87,500 /-(എസ് സി പി ഫണ്ട് ) ; 1,50,000 /- (മറ്റുള്ളവ) |
| ചെലവ് | 37500 /- (എസ് സി പി ഫണ്ട് ) ; 20000 -(മറ്റുള്ളവ) 20,000 /- രൂപ ബിൽ നം. 2 / 19-20 ; 01.05.19 ;37500 /- & ബിൽ നം. 2 / 20-21 ; 24.04.20 ; 60,000 /- രൂപ |
| നിർവഹണഉദ്യോഗസ്ഥൻ | വെറ്റനറി സർജൻ |

2018-19 സാമ്പത്തികവർഷത്തിൽ ആരംഭിച്ച പട്ടികജാതി വനിതകൾക്ക് ആട് വിതരണം എന്ന പ്രൊജക്ട് സ്പിൽ ഓവറായി 2019-20 ൽ നടപ്പാക്കുകയുണ്ടായി. ടി പ്രൊജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 2500/- രൂപ ഗുണഭോക്തൃവിഹിതവും 7,500/- രൂപ സബ്സിഡിയും എന്ന തോതിൽ 10,000/- രൂപയ്ക്ക് രണ്ട് ആടുകളെ ലഭിക്കുകയും ചെയ്യുന്നു . 85 പേർ ഉൾപ്പെട്ടിട്ടുള്ള അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഗുണഭോക്താക്കൾ അവശേഷിക്കെ ലിസ്റ്റിൽ ഉൾപ്പെടാത്ത 7 പേർക്ക് ആനുകൂല്യം നല്കിയതായി 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ട്. ഇതിൽ സിന്ധുമോൾ.കെ.ടി എന്ന ഗുണഭോക്താവ് ഒഴികെയുള്ളവരെ ഉൾപ്പെടുത്തിയ അധികഗുണഭോക്തൃലിസ്റ്റ് 2019-20 ൽ ഉപയോഗിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി അനുമതി നല്കിയിട്ടുണ്ട്. 2019-20 വർഷം ആനുകൂല്യം നല്കിയവരിൽ ഗുണഭോക്തൃലിസ്റ്റിലില്ലാത്ത താര കുഞ്ഞൻ എന്ന വ്യക്തിയും ഉൾപ്പെടുന്നു. 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലായാണ് എസ് സി പി ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതിയുടെ വർഷം തിരിച്ചുള്ള ചെലവ് താഴെ പറയുന്നു.

| വർഷം | എസ് സി പി ഫണ്ട് | ഗുണഭോക്തൃവിഹിതം |
|---|---|---|
| 2018-19 | 2,62,500 /- | 1,00,000 /- |
| 2019-20 | 37,500 /- | 20,000 /- |
| 2020-21 | 60,000 /- | |
| ആകെ | 3,60,000 /- | 1,20,000 /- |

ഗുണഭോക്തൃലിസ്റ്റിലില്ലാത്ത 7 പേർക്ക് ആനുകൂല്യം നല്കിയതുകാരണം അവർക്കുള്ള സബ്സിഡിയിനത്തിൽ എസ് സി പി ഫണ്ടിൽ നിന്നും ചെലവഴിച്ച 52,500 /- രൂപ തിരികെ ഈടാക്കുന്നതിന് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു. 2019-20 വർഷത്തിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതിരുന്ന വ്യക്തിക്ക് ധനസഹായമിനത്തിൽ അനുവദിച്ച 7500 /-രൂപ തിരികെ ഈടാക്കി എസ് സി പി ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

## 3-3 വിവാഹധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ഗ്രാമസഭ അംഗീകാരം ലഭ്യമായിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നം | S00/18/20 | |
| പ്രോജക്ടിന്റെ പേര് | എസ്.സി.വനിതകൾക്ക് വിവാഹധനസഹായം | |
| അടങ്കൽ | 375000 /- | 370000/- (എസ് സി പി )<br>5000/- (തനത് ഫണ്ട്) |
| ചെലവ് | 300000/- | |
| | 1)150000/-:ബിൽനം,തീയതി-4/19-20, 15/1/20<br>2)75000/-:ബിൽ നം,തീയതി- 6/19-20, 18/1/20<br>3)5000/-:ചെക്ക് നം,തീയതി- 5041846,14/2/20<br>4)70000/-:ബിൽ നം,തീയതി- 8/19-20, 20/1/20 | |

എടയ്ക്കാട്ടുവയൽ വി.ഇ.ഒ നിർവഹണം ചെയ്ത മേൽ പ്രോജക്ടിൽ പെടുത്തി തൻ വർഷം ശ്രീദേവി കെ വി (വാർഡ് -11) , പുഷ്പ രാജൻ (വാർഡ് -9), ശാന്ത മോഹനൻ (വാർഡ് -12), അഞ്ജു മോഹൻ (വാർഡ് -12) എന്നീ 4 ഗുണഭോക്താക്കൾക്ക് 75000/- രൂപ വീതം വിവാഹ ധനസഹായം നൽകിയിരുന്നു. അംഗീകരിക്കപ്പെട്ടതും ഓഡിറ്റിന് ഹാജരാക്കിയതുമായ എസ് സി-വിവാഹ ധനസഹായ ഗുണഭോക്തൃലിസ്റ്റിൽ എട്ട് ഗുണഭോക്താക്കൾ ഉണ്ടായിരുന്നെങ്കിലും ഇവരിൽ ശ്രീദേവി കെ.വി. എന്ന വ്യക്തിയ്ക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചത്. മറ്റ് ഏഴ് ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിക്കാതിരുന്നതിനാലാണോ അല്ലെങ്കിൽ അവരുടെ അപേക്ഷ നിരസിച്ചതിനാലാണോ അവരെ ആനുകൂല്യത്തിന്

പരിഗണിക്കാതിരുന്നതെന്ന് വ്യക്തമല്ല. ഗുണഭോക്തൃലിസ്റ്റിലോ ബന്ധപ്പെട്ട രജിസ്റ്ററിലോ യാതൊരു റിമാർക്സും നിർവഹണോദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ധനസഹായം കൈപ്പറ്റിയ മറ്റ് മൂന്ന് പേർ അംഗീകൃതലിസ്റ്റിൽ ഉണ്ടായിരുന്നവരല്ല. പിന്നീടുള്ള ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങണമെന്ന നിർദ്ദേശത്തോടെ പഞ്ചായത്ത് കമ്മിറ്റി ടി വ്യക്തികളെ ഗുണഭോക്തൃലിസ്റ്റിൽ അധികമായി പെടുത്തുകയാണുണ്ടായത്. (കമ്മിറ്റി തീരുമാനം നം-1(3) തീയതി-29.10.19, കമ്മിറ്റി തീരുമാനം നം-18(1) തീയതി- 14.01.20 ). സബ്സിഡി മാർഗരേഖ (സ.ഉ കൈ നം 11/18/തസ്വഭവ, തീയതി-29/01/2018 പ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ മാറ്റമാവശ്യമാണെന്ന് ഭരണസമിതിക്കോ നിർവഹണോദ്യോഗസ്ഥനോ കരുതുന്നുവെങ്കിൽ അനർഹരെ ഒഴിവാക്കുകയോ അർഹരെ കൂട്ടിച്ചേർക്കാവുന്നതുമാണ്. എന്നാൽ അനർഹരെ ഒഴിവാക്കുന്നതിന് ഗ്രാമസഭയുടെ സാധൂകരണം തേടേണ്ടതും അർഹരെ കൂട്ടിചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയുമാവണമെന്ന് ഖണ്ഡിക 11.3.15 ൽ നിഷ്കർഷിക്കുന്നു. ആയതിനാൽ പുഷ്പ രാജൻ, ശാന്ത മോഹനൻ, അഞ്ജു മോഹൻ എന്നീ ഗുണഭോക്താക്കൾക്ക് ഗ്രാമസഭ അംഗീകാരം ലഭ്യമായിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കണമെന്നറിയിച്ച് എൻക്വയറി നൽകിയിരുന്നതിന് (നം-14/27.02.2021) മറുപടി ലഭ്യമായില്ല. പഞ്ചായത്ത് അംഗീകരിച്ച ലിസ്റ്റിന് ഗ്രാമസഭ സാധൂകരണം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമല്ലാത്തതിനാലും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.19/28.2.2021 ) മറുപടി ലഭ്യമാക്കാത്തതിനാലും 3 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 089 / 19 , അങ്കണവാടി ജീവനക്കാർക്ക് ഓണറേറിയം |
| അടങ്കൽ | 6,13,200 /- (വികസന ഫണ്ട്) |
| ചെലവ് | 3,06,600 /- ; ബിൽ നം. 5 / 19-20 ; 19.11.19 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

2018-19 സാമ്പത്തികവർഷം മുതൽ അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലമിനത്തിലെ പ്രാദേശികസർക്കാർ വിഹിതം പ്രൊജക്ട് വച്ച് നൽകുന്നതിനു പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസനഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers & Helpers (NP) " എന്ന കണക്ക് ശീർഷകത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ സർക്കാർ തീരുമാനിക്കുകയും 25.07.18 ലെ സ.ഉ (സാധാ) നം.6345/2018/ധന ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.അപ്രകാരം ചെയ്യുന്നതിന് പണം പിൻവലിച്ചിട്ടുണ്ടെങ്കിലും തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനു വിധേയമായി ചെലവ് തുക 3,06,600/- രൂപ തടസ്സപ്പെടുത്തുന്നു .

# ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 01.03.2021 & 02.03.2021 | KSA-EKM (PG) 1227(49)/2019 Dt.14.08.2021 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 10,00,000 | ലൈഫ് പദ്ധതി ജനറൽ | 4,40,000 | 5,60,000 |
| | 2019-20 | 6,00,000 | ലൈഫ് പദ്ധതി എസ്.സി | 00 | 6,00,000 |
| | 2019-20 | 2,40,000 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി | 2,40,000 | 00 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,15,000 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡ് | 1,15,000 | 00 |

*ജില്ലാ പഞ്ചായത്ത് വിഹിതമായി സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയിൽ മുന്നിരിപ്പായുണ്ടായിരുന്ന 6362500/- രൂപയിൽ നിന്നും ചെലവഴിച്ച തുകയായ 2939732/- രൂപ കിഴിച്ച് നീക്കിയിരിപ്പായുള്ള 3422768/- രൂപ ചെലവഴിക്കാനാവുന്നില്ലെങ്കിൽ തിരികെ ഒടുക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | എസ്-28/20, കെ.എസ്.ഇ.ബി ലൈൻ എക്സ്റ്റെൻഷൻ | 1)20/19-20, 15.01.20 2)21/19-20,18.01.2020 3)47/19-20, 17.03.20 4)43/19-20, 29.02.20 | 622478 | 0 | 622478 |
| കെ.എസ്.ഇ.ബി | എസ്- 256/20, കൈപ്പട്ടൂർ കുടുംബക്ഷേമകേന്ദ്രം – ഇലക്ട്രിക്ക് ലൈൻ സ്ഥാപിക്കൽ | 441826, 10.03.2020 | 38782 | 0 | 38782 |
| കേരള വാട്ടർ അതോറിറ്റി | എസ്- 99/20, വിവിധ അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ | 18/19-20, 17.12.2019 | 19400 | 0 | 19400 |
| കേരള വാട്ടർ അതോറിറ്റി | എസ്-225/20, പട്ടികജാതി സങ്കേതങ്ങളിലെ പൊതു ആസ്തികളിലേക്ക് വാട്ടർ കണക്ഷൻ | 22/19-20, 17.12.2019 | 29800 | 0 | 29800 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തൻവർഷം ലഭിച്ചത് | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| 1 | ലൈഫ് കെ.യു.ആർ. ഡി.എഫ്.സി | ലഭ്യമാക്കിയില്ല | 65,82,871 | 17,45,994 | 48,36,877 | 5,88,235 | 00 | 59,94,636 |

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2011-12 | 3-11 | 2013-14 | 6-3,6-(3), (1, 2) | തൊഴിൽ നികുതി | ഖണ്ഡികകളിലെ പരാമർശങ്ങൾക്കനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2015-16 | 2(1)എ | 2016-17 | | 12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | തൊഴിൽ നികുതി ഈടാക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ,, | 2(സി) | ,, | | റെയിൽവെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | റെയിൽവെ ഡിവിഷണൽ മാനേജർക്ക് 25-01-2017, 18-07-2017, 23-08-2018 തീയതികളിൽ അറിയിപ്പ് നൽകി. |
| ,, | 2(ഡി) | ,, | | പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർ ശ്രീ.ബിനോയ് ജോസഫിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല. | 15-02-2017 ന് ഈടാക്കി ഒടുക്കിയിട്ടുണ്ട്. |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,85,83,707.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,02,27,744.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 00 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,500.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,46,600.00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 7,500 | ഡോ.പി.വി. കവിത<br>വെറ്ററിനറി സർജ്ജൻ |
| ആകെ | 7,500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 40000.00 | ഡോ. വിനോദ്<br>മെഡിക്കൽ ഓഫീസർ ആരക്കുന്നം |
| 3-3 | 300000.00 | ശ്രീമതി. സന്ധ്യ.സി.ബി വി.ഇ.ഒ എടക്കാട്ടുവയൽ |
| 3-4 | 306600.00 | ശ്രീമതി. ശുഭ കെ നായർ<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 6,46,600.00 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻറെ വിവരം

ഖണ്ഡിക 2-2 : നഷ്ടം - 212224.00

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.<br>വിനോദ് | മെഡിക്കൽ ഓഫീസർ<br>ആരക്കുന്നം | പ്രണവം, പെരിയാപുരം പി.ഒ,<br>ഓണക്കൂർ |
| ശ്രീമതി.<br>സന്ധ്യ.സി.ബി<br>വി.ഇ.ഓ | എക്സ്റ്റെൻഷൻ ഓഫീസർ (വിമൺസ് വെൽഫെയർ) ബ്ലോക്ക് ഓഫീസ് മുളന്തുരുത്തി | കല്ലുങ്കൽ ഹൗസ്, എരുവേലി.പി.ഒ,<br>ചോറ്റാനിക്കര, എറണാകുളം |
| ഡോ.പി.വി. കവിത<br>വെറ്ററിനറി<br>സർജ്ജൻ | വെറ്ററിനറി സർജ്ജൻ<br>എടക്കാട്ടുവയൽ | നീലങ്ങാട്ടു , കണിയാമ്പുഴപി.ഓ ,<br>വൈറ്റില |
| ശ്രീമതി. ശുഭ കെ<br>നായർ<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | സി.ഡി.പി.ഓ,<br>ശ്രീകൃഷ്ണപുരം ബ്ലോക്ക് | ഇലയിച്ചാൽ, ചോറ്റാനിക്കര പി ഒ,<br>കണയന്നൂർ, എറണാകുളം |

| | | |
|---|---|---|
| ശ്രീ. ഇ.കെ.കൃഷ്ണൻകുട്ടി, സെക്രട്ടറി | സെക്രട്ടറി, പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് | എലിമ്മേൽ ഹൗസ്, നെച്ചൂർ പി.ഓ മണീട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ /ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93 | എൽ.എഫ്.ഇ.(പി6) 2265/13, 05.03.14 |
| 1998-99 | എൽ.എഫ്.ഇ. (പി6) 680/15, 11.12.15 |
| 2001-02 | എൽ.എഫ്.ഇ. (പി6) 1134/07, 22.05.09 |
| 2001-02 (പദ്ധതിചെലവ്) | എൽ.എഫ്.ഇ. (പി4) 1438/03/ 10.12.08 |
| 2002-03 (പദ്ധതി ചെലവ്) | എൽ.എഫ്.ഇ. (പി4) 1245/05, 02.03.06 |
| 2003-04 | കെഎസ്എ-ഇകെഎം(പി6) 1478(Iii)/19, 23.07.19 |
| 2004-05 | കെഎസ്എ-ഇകെഎം(പി6) 1478(Iv)/19, 23.07.19 |
| 2005-06 | കെഎസ്എ-ഇകെഎം(പി6) 1478(V)/19, 23.07.19 |
| 2007-08 | കെഎസ്എ-ഇകെഎം(പി6) 1478(Vii)/19, 23.07.19 |
| 2008-09 | കെഎസ്എ-ഇകെഎം(പി6) 1478(Viii)/19, 23.07.19 |
| 2009-10 | കെഎസ്എ-ഇകെഎം(പി6) 1478(Ix)/19, 23.07.19 |
| 2010-11 | കെഎസ്എ-ഇകെഎം(പി6) 1478(X)/19, 23.07.19 |
| 2011-12 | കെഎസ്എ-ഇകെഎം(പി6) 1478(Xi)/19, 23.07.19 |
| 2012-13 | കെഎസ്എ-ഇകെഎം(പി6) 1478(Xii)/19, 23.07.19 |
| 2013-14 | |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം.(പി.6) 1478(Xiii)/19, 23.07.19 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി.6) 1478(Xiv)/19, 23.07.19 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി.6) 1414/17, 11.05.18 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി.6) 2214/18, 05.11.18 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി.6) 145/20, 13.03.20 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്